I ഇ.ബി. XIV - കേരള നിയമസഭ/II-11

## പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2016 ഒക്ടോബർ 19, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## I അടിയന്തരപ്രമേയം

കണ്ണൂർ ജില്ലയിലെ രാഷ്ട്രീയ കൊലപാതകങ്ങൾ

മി. സ്പീക്കർ: കണ്ണൂർ ജില്ലയിൽ രാഷ്ട്രീയ കൊലപാതകങ്ങളും സംഘർഷങ്ങളുംമൂലം ഉണ്ടായിട്ടുള്ള അതീവ ഗുരുതരമായ നിയമസമാധാന തകർച്ചയ്ക്ക് പരിഹാരം കാണാനും അക്രമസംഭവങ്ങൾ നിയന്ത്രിക്കാനും സമാധാന ചർച്ചയിലൂടെ പ്രശ്നപരിഹാരത്തിന് ഗവൺമെന്റ് മുൻകയ്യെടുക്കാത്തതിനാലും

ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. സി. ജോസഫ്, കെ.എം. ഷാജി, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കണ്ണൂർ ജില്ലയിലെ അക്രമസംഭവങ്ങളും കൊലപാതകങ്ങളും കാരണം ജനങ്ങളാകെ ഭയാശങ്കയിലാണെന്ന പ്രമേയത്തിലെ കാഴ്ചപ്പാടിനോട് യോജിക്കാനാവില്ല. ആർ.എസ്.എസ്.-ന്റെ ബോധപൂർവ്വമായ ഇടപെടലാണ് കണ്ണൂരിലെ ദൗർഭാഗ്യകരമായ പല സംഭവങ്ങൾക്കും കാരണം. ഇക്കാര്യത്തിൽ നിഷ്പക്ഷ നിലപാടാണ് പോലീസ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കണ്ണൂർ ജില്ലയിലാണ് ഏറ്റവും കൂടുതൽ കൊലപാതകങ്ങൾ നടക്കുന്നതെന്ന ബോധപൂർവ്വമായ പ്രചരണം നടക്കുന്നുണ്ട്. തെരഞ്ഞെടുപ്പിന്റെ വിജയാഹ്ലാദപ്രകടനത്തിനിടയിൽ ധർമ്മടം മണ്ഡലത്തിൽ ആർ.എസ്.എസ്./ബി.ജെ.പി. പ്രവർത്തകർ നടത്തിയ ആക്രമണത്തിലാണ് സി.പി.ഐ.(എം) പ്രവർത്തകൻ കൊല്ലപ്പെട്ടത്. പിന്നീട് അവിടെ സംഘർഷമുണ്ടാകാതെ സമാധാനം സ്ഥാപിക്കാൻ സാധിച്ചിട്ടുണ്ട്. തികച്ചും സമാധാനാന്തരീക്ഷം നിലനിന്നിരുന്ന ധർമ്മടം മണ്ഡലത്തിൽ ജൂലൈ 11-ാം തീയതി പയ്യന്നൂരിലെ സി.പി.ഐ.(എം) പ്രവർത്തകനായ ധനരാജനെ ആർ.എസ്.എസ്/ബി.ജെപി. പ്രവർത്തകർ വെട്ടിക്കൊലപ്പെടുത്തുകയും

സംഘർഷാവസ്ഥ സൃഷ്ടിക്കുകയുമുണ്ടായി. ഈ കൊലക്കേസിലെ പ്രതികളിൽ തിരുവനന്തപുരം, കാസർഗോഡ് സ്വദേശികളുമുണ്ട്. സംസ്ഥാനാടിസ്ഥാനത്തിൽ ആസൂത്രിതശ്രമം ഇത്തരം കൊലപാതകങ്ങളുടെ പിന്നിലുണ്ടെന്നുള്ളത് വാസ്തവമാണ്. പോലീസിന്റെ ശക്തമായ ഇടപെടൽമൂലം ഇവിടെ സമാധാനം പുന:സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്. വേങ്ങാട് പഞ്ചായത്തിൽ സി.പി.ഐ.-യുടെ ലോക്കൽ കമ്മിറ്റി അംഗവും ഒരു കേസിലും പ്രതിയുമാകാത്ത മോഹനനെ 10-10-2016 -ന് ഒരു സംഘം ആളുകൾ വെട്ടിക്കൊലപ്പെടുത്തുകയുണ്ടായി. ഇത്തരം ആക്രമണങ്ങൾക്കുവേണ്ടി ആർ.എസ്.എസ്. പ്രവർത്തകർ വൻതോതിൽ ആയുധങ്ങളും സ്ഫോടകവസ്തുക്കളും നിർമ്മിക്കുന്നുണ്ട്. ബോംബ് നിർമ്മാണത്തിനിടയിലാണ് ആർ.എസ്.എസ്. പ്രവർത്തകനായ ദീക്ഷിത് 20-8-2016-ന് മരണപ്പെട്ടത്. സംഘർഷമുണ്ടാകുന്ന സ്ഥലങ്ങളിൽ സമാധാന യോഗങ്ങൾ വിളിച്ചുചേർത്ത് പ്രശ്നപരിഹാരം കാണുന്നുണ്ട്. കണ്ണൂർ ജില്ലയിൽ നിന്നും ലഭിച്ച പരാതികളിന്മേൽ പോലീസ് ശക്തമായ ഇടപെടൽ നടത്തിക്കൊണ്ടിരിക്കുകയാണ്. കൂത്തുപറമ്പിലും തലശ്ശേരിയിലും ക്രമസമാധാനം നിലനിർത്തുന്നതിനായി സ്പെഷ്യൽ കൺട്രോൾ റൂം പ്രവർത്തിച്ചുവരികയാണ്. കൂടാതെ ഇത്തരം പ്രദേശങ്ങളിൽ ബോംബ് സ്ക്വാഡിന്റെയും ഡോഗ് സ്ക്വാഡിന്റെയും സേവനം ലഭ്യമാക്കിയിട്ടുമുണ്ട്. ജില്ലാ കളക്ടർ വിളിച്ചുചേർത്ത ജില്ലാതല സമാധാന

കമ്മിറ്റിയിൽ എല്ലാ രാഷ്ട്രീയ പാർട്ടികളും സഹകരിക്കാൻ ഇപ്പോൾ തയ്യാറായിട്ടുണ്ട്. കൂടാതെ സ്റ്റേഷൻ തലങ്ങളിലും എല്ലാ രാഷ്ട്രീയപ്രതിനിധികളെയും ഉൾപ്പെടുത്തി സമാധാനയോഗം ചേരാൻ തീരുമാനിച്ചതിനെത്തുടർന്ന് സമാധാനകമ്മിറ്റിക്ക് രൂപം നൽകുകയുണ്ടായി. കണ്ണൂർ ജില്ലയിൽ പോലീസിന്റെ സ്വതന്ത്രമായ പ്രവർത്തനഫലമായി ക്രമസമാധാനനില നിയന്ത്രണവിധേയമായിട്ടുണ്ട്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. കെ. സി. ജോസഫ് : എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്ന നാലര മാസത്തിനുള്ളിൽ കണ്ണൂർ ജില്ലയിലുണ്ടായ ഏഴ് രാഷ്ട്രീയ കൊലപാതകങ്ങൾമൂലം ഉളവായിട്ടുള്ള സംഘർഷാത്മക സാഹചര്യം സംബന്ധിച്ച് ചർച്ചയ്ക്ക് തയ്യാറാകാത്ത സർക്കാർ സമീപനം ശരിയല്ല. കണ്ണൂരിലെ സംഭവങ്ങൾ കേരളത്തിനാകെ അപകീർത്തികരമാണ്. ആർ.എസ്.എസ്.-ഉം സി.പി.ഐ.(എം.)-ഉം ബോധപൂർവ്വം ആസൂത്രണം ചെയ്യുന്ന രാഷ്ട്രീയ കൊലപാതകങ്ങളാണ് കണ്ണൂരിൽ നടക്കുന്നത്. രാമന്തളിയിൽ സി.പി.ഐ.(എം.) പ്രവർത്തകൻ കൊലചെയ്യപ്പെട്ട് 48 മണിക്കൂർ തികയുന്നതിനുമുമ്പ് ബി.എം.എസ്. നേതാവ് കൊലചെയ്യപ്പെട്ടു. ഗവർണ്ണർപോലും കണ്ണൂരിലെ സംഭവങ്ങളിൽ ഉത്കണ്ഠ രേഖപ്പെടുത്തിക്കൊണ്ട് ആഭ്യന്തരവകുപ്പ് സെക്രട്ടറിയെയും ഡി.ജി.പി.-യെയും വിളിച്ചുവരുത്തിയത് സംഭവങ്ങളുടെ ഗൗരവാവസ്ഥയെയാണ് കാണിക്കുന്നത്.

തങ്ങൾ നിസ്സഹായരാണെന്നും പോലീസിന് പരിമിതികളുണ്ടെന്നുമാണ് പോലീസ് മേധാവിയടക്കമുള്ള ഉന്നത പോലീസുദ്യോഗസ്ഥരുടെ പ്രതികരണം. പോലീസിന് സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. പാർട്ടി അണികളെ കയറൂരിവിടരുതെന്നും നിയമം കയ്യിലെടുക്കാൻ ആരേയും പ്രോത്സാഹിപ്പിക്കരുതെന്നും സർക്കാരിനോട് ആവശ്യപ്പെടുകയാണ്.

(ഭരണകക്ഷി അംഗങ്ങളിൽപ്പെട്ട ചിലർ ശ്രീ. കെ. സി. ജോസഫിന്റെ പ്രസംഗം തടസ്സപ്പെടുത്തുന്നുവെന്നാരോപിച്ച് പ്രതിപക്ഷാംഗങ്ങൾ ഡയസ്സിനുമുന്നിൽ വന്നുനിന്ന് ബഹളം വയ്ക്കുകയും അല്പസമയത്തിനുശേഷം അവരവരുടെ സീറ്റുകളിലേയ്ക്ക് തിരിച്ചുപോകുകയും ചെയ്തു.)

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): മുഖ്യമന്ത്രി സംസാരിച്ചുകൊണ്ടിരുന്നപ്പോൾ പ്രതിപക്ഷത്തുനിന്ന് ആരും ശബ്ദമുണ്ടാക്കിയില്ല. ശ്രീ. കെ. സി. ജോസഫ് 34 വർഷമായി നിയമസഭയിലുള്ള മുതിർന്ന ഒരു അംഗമാണ്. അദ്ദേഹത്തിന്റെ പ്രസംഗമദ്ധ്യേ റണ്ണിംഗ് കമന്ററി നടത്തുന്നത് ശരിയല്ല. ബഹുമാനപ്പെട്ട സ്പീക്കർ അവരെ നിയന്ത്രിക്കണം.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u> : പതിമൂന്നാം കേരള നിയമസഭാ കാലത്ത് സഭയിലുണ്ടായ നിർഭാഗ്യകരമായ സ്ഥിതിയിലേയ്ക്ക് പോകരുതെന്നുള്ള നിലയിൽ വളരെ സഹകരണത്തോടെയാണ് പ്രതിപക്ഷം പ്രവർത്തിക്കുന്നത്. സഭ നല്ല

നിലവാരത്തിൽ കൊണ്ടുപോകാൻ എല്ലാവരും സഹകരിക്കണം. നിയമസഭയുടെ നിലവാരം കുറയ്ക്കുന്ന സ്ഥിതിയിലേയ്ക്ക് പോകുന്നത് ശരിയല്ല. അതിന് പുതിയ അംഗങ്ങൾക്ക് ആവശ്യമായ നിർദ്ദേശം നൽകണം.

**റൂളിംഗ്**

മി. സ്പീക്കർ : അനാവശ്യ ശബ്ദം ഉണ്ടാക്കുന്ന ആർക്കും ചെയർ ഉച്ചഭാഷിണി അനുവദിക്കാറില്ല. സ്വാഭാവികമായി സഭയിൽ രണ്ട് ഭാഗത്തുനിന്നും അഭിപ്രായങ്ങൾ ഉയർന്നുവരും. അത് സഭാമര്യാദയും നടപടിക്രമങ്ങളും പാലിച്ച് നിശബ്ദരായിരുന്ന് കേൾക്കുന്നതാണ് മര്യാദയെന്ന് ചെയർ റൂൾ ചെയ്യുന്നു.

ശ്രീ. കെ. സി. ജോസഫ് : കണ്ണൂരിൽ നിയമവാഴ്ച പുന:സ്ഥാപിക്കാൻ മുഖ്യമന്ത്രി മുൻകയ്യെടുക്കണം. ഈ കാര്യത്തിൽ കുറ്റകരമായ അനാസ്ഥയാണ് ഗവൺമെന്റ് കാണിക്കുന്നത്. എൽ.ഡി.എഫ്. ഭരിക്കുമ്പോൾ മാത്രമാണ് കണ്ണൂരിൽ സംഘർഷങ്ങളും കൊലപാതകങ്ങളും വർദ്ധിക്കുന്നത്. കുറ്റക്കാർക്കെതിരെ മുഖംനോക്കാതെ നടപടി സ്വീകരിക്കാനുള്ള ഇച്ഛാശക്തിയും നിശ്ചയദാർഢ്യവും സർക്കാർ കാണിക്കണം. കണ്ണൂരിൽനിന്നുള്ള മന്ത്രിമാരിൽ ആരെങ്കിലും മുൻകയ്യെടുത്ത് അവിടെ ക്രമാസമാധാനം പുന:സ്ഥാപിക്കുന്നതിന് യോഗം വിളിക്കാൻ നടപടി സ്വീകരിക്കേണ്ടതായിരുന്നു. ഏഴുപേരുടെ ജീവൻ നഷ്ടപ്പെട്ടിട്ട് നാലര മാസമായിട്ടും ഗൗരവതരമായ യാതൊരു ചർച്ചയ്ക്കും സർക്കാർ തയ്യാറായിട്ടില്ല.

പ്രതിപക്ഷനേതാവും മുൻ മുഖ്യമന്ത്രിയും മറ്റും ഇന്നലെ മുഖ്യമന്ത്രിയെ കണ്ട് ചർച്ചയ്ക്ക് തയ്യാറാകണമെന്ന് ആവശ്യപ്പെട്ടെങ്കിലും അദ്ദേഹത്തിന്റെ ഭാഗത്തുനിന്നും പോസിറ്റീവായ സമീപനമുണ്ടായില്ല. രാഷ്ട്രീയ സംഘർഷമുണ്ടാകുമ്പോഴൊക്കെ മുഖ്യമന്ത്രി ഇടപെട്ട് ചർച്ചചെയ്ത് പരിഹാരം കണ്ടിട്ടുള്ളതാണ് കീഴ്വഴക്കം. കണ്ണൂരിലെ സമാധാനമുറപ്പാക്കാൻ സർക്കാർ മുൻകയ്യെടുക്കണം. ഇക്കാര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഗവർണ്ണർ സാധാരണ നിലയിൽ കണ്ണൂരിലെ പ്രശ്നങ്ങൾ അന്വേഷിച്ചുവെന്നേയുള്ളൂ. യു.ഡി.എഫ്. ഭരണകാലത്ത് സി.പി.ഐ.(എം)-ന്റെയും ഡി.വൈ.എഫ്.ഐ.-യുടേയും എസ്.എഫ്.ഐ.-യുടേയും 16 പ്രവർത്തകരും എട്ട് ആർ.എസ്.എസ്./ബി.ജെ.പി. പ്രവർത്തകരും കൊലചെയ്യപ്പെട്ടിട്ടുണ്ട്. പക്ഷഭേദം കൂടാതെ അക്രമസംഭവങ്ങളെ ശരിയായ രീതിയിൽ അമർച്ചചെയ്യാൻ പോലീസ് ശ്രമിക്കുന്നുണ്ട്. രാഷ്ട്രീയ സംഘർഷത്തെത്തുടർന്നുള്ള കൊലപാതകം നീതീകരിക്കാനാവില്ല. എല്ലാ ഗവൺമെന്റിന്റെ കാലത്തും ഉണ്ടാകുന്ന ദൗർഭാഗ്യകരമായ ഒരവസ്ഥയാണിത്. രാഷ്ട്രീയമായി അഭിപ്രായവ്യത്യാസങ്ങളുണ്ടാകുന്നത് സ്വാഭാവികമാണ്. എല്ലാ പ്രസ്ഥാനങ്ങളുടേയും പ്രവർത്തകർ ബോധപൂർവ്വം ശ്രമിച്ചാൽ മാത്രമേ കൊലപാതകരാഷ്ട്രീയം ഒഴിവാക്കാൻ സാധിക്കുകയുള്ളൂ. മനുഷ്യത്വപൂർണ്ണമായ

സമീപനത്തിലൂടെ മാത്രമേ നാടിന് പുരോഗതിയുണ്ടാകൂ. ഇതിലൂടെ വരുംതലമുറയ്ക്ക് ഐശ്വര്യപൂർണ്ണമായ ഒരന്തരീക്ഷം സൃഷ്ടിക്കാൻ സാധിക്കും. സമാധാനാന്തരീക്ഷം നിലനിർത്താൻ ഗവൺമെന്റ് നടപടി സ്വീകരിക്കും. അതിന് എല്ലാവരും സഹകരിക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ പറഞ്ഞ ആശയങ്ങളോട് പൂർണ്ണമായി യോജിക്കുന്നു. കണ്ണൂരിൽ സമാധാനാന്തരീക്ഷം സൃഷ്ടിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കക്ഷി രാഷ്ട്രീയത്തിനതീതമായി ചർച്ച നടത്താൻ തയ്യാറാകണം. നീതിയും നിയമവും യഥാവിധി നടപ്പിലാക്കുന്നുണ്ടെന്ന വിശ്വാസമാണ് ജനങ്ങൾക്കുണ്ടാകേണ്ടത്.

<u>ശ്രീ. പിണറായി വിജയൻ</u>: എല്ലാവർക്കും നീതി ലഭിക്കത്തക്ക വിധത്തിലുള്ള ഇടപെടലുകളാണ് ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. കേരളമൊട്ടാകെ പ്രത്യേകിച്ച് കണ്ണൂരിൽ സ്ഥായിയായി സമാധാനാന്തരീക്ഷം സൃഷ്ടിക്കുന്നതിന് കക്ഷി-രാഷ്ട്രീയ-സംഘടനാ ഭേദമെന്യേ കൂട്ടായ പരിശ്രമം ആവശ്യമാണ്. ജില്ലാതലത്തിലുള്ള ആദ്യഘട്ട ചർച്ചയ്ക്കുശേഷം പ്രതിപക്ഷനേതാവിന്റെ സൗകര്യാർത്ഥം ഈ സമ്മേളന കാലയളവിൽത്തന്നെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനതല ചർച്ച നടത്താം.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, പി. കെ. കുഞ്ഞാലിക്കുട്ടി, അനൂപ് ജേക്കബ് എന്നീ പ്രതിപക്ഷകക്ഷി നേതാക്കളും ശ്രീ. കെ. എം. മാണിയും പ്രസ്താവനകൾ നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോയി. പുറത്തുപോയ അംഗങ്ങൾ അൽപ്പസമയത്തിനുശേഷം തിരികെ ഹാജരായി.)

ശ്രീ. ഒ. രാജഗോപാൽ: കണ്ണൂർ ജില്ലയിൽ ഇത്തരത്തിലുള്ള സംഭവങ്ങൾ ഉണ്ടാകാൻ പാടില്ലാത്തതാണ്. അവിടെ സമാധാനം പുന:സ്ഥാപിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. മാർക്സിസ്റ്റ് പാർട്ടിയുടെ ശക്തികേന്ദ്രമായ കണ്ണൂർ ജില്ലയിൽ കൊലപാതകങ്ങളും അക്രമങ്ങളും നിരന്തരമായി നടക്കുന്നുവെന്ന് മാത്രമല്ല അവ വർദ്ധിച്ചുകൊണ്ടിരിക്കുകയുമാണ്. ഈ പ്രശ്നത്തിൽ ആത്മാർത്ഥമായ സമാധാന ശ്രമമുണ്ടാകണം. മനുഷ്യജീവനെ ബാധിക്കുന്ന ഒരു വിഷയമായതിനാൽ അതിലുള്ള ദു:ഖവും പ്രതിഷേധവും രേഖപ്പെടുത്തുന്നു.

## II ശ്രദ്ധക്ഷണിക്കൽ

### (1) വന്യജീവികളുടെ ആക്രമണം

ശ്രീമതി ഇ. എസ്. ബിജിമോൾ: വന്യജീവികളുടെ ആക്രമണവുമായി ബന്ധപ്പെട്ട് വനാതിർത്തികളിൽ താമസിക്കുന്ന ജനങ്ങൾ ധാരാളം പ്രശ്നങ്ങൾ

അഭിമുഖീകരിക്കുകയാണ്. മൃഗങ്ങൾക്ക് സ്വന്തം വാസസ്ഥലവും വെള്ളവും ഭക്ഷണവും നഷ്ടപ്പെടുമ്പോൾ നാട്ടിലിറങ്ങുകയും മനുഷ്യരെ ആക്രമിക്കുകയും കൃഷിയിടങ്ങൾ നശിപ്പിക്കുകയും ചെയ്യുന്നു. അഞ്ച് ജില്ലകളിൽ മാൻ-ആനിമൽ കോൺഫ്ലിക്റ്റുമായി ബന്ധപ്പെട്ട ചർച്ചകൾ നടന്ന സാഹചര്യത്തിൽ വനാതിർത്തിയോട് ചേർന്ന മറ്റ് ജില്ലകളിലും അടിയന്തരമായി ഇത്തരം യോഗം കൂടുന്നതിനുള്ള നടപടി സ്വീകരിക്കണം. ജൈവവേലി, വൈദ്യുതവേലി, കിടങ്ങുകൾ എന്നിവയോടൊപ്പം ഉരുക്കുപാലംകൊണ്ടുള്ള സുരക്ഷാവേലി നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം. ട്രെഞ്ചുകൾ കൂടുതൽ നിർമ്മിക്കുകയും ജൈവവേലികളുടെയും കരിങ്കൽ മതിലുകളുടെയും സാധ്യത പരിശോധിക്കുകയും വേണം. വൈദ്യുതവേലി സ്ഥാപിക്കുന്നതോടൊപ്പം അവയുടെ മെയിന്റനൻസും ഉറപ്പാക്കണം. വന്യജീവി ആക്രമണങ്ങൾക്ക് വിധേയരാകുന്നവർക്ക് നൽകിവരുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കണം. കാട്ടുപന്നികളെ നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച ഉത്തരവ് പരിഷ്കരിക്കുന്നതിനും തോക്ക് ലൈസൻസ് സമയബന്ധിതമായി പുതുക്കി നൽകുന്നതിനും നടപടി സ്വീകരിക്കണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) : വന്യജീവികളുടെ ആക്രമണംമൂലം വനാതിർത്തികളിൽ താമസിക്കുന്നവർ നേരിട്ടുകൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുള്ള ശ്രമം

നടന്നുവരികയാണ്. വയനാട്, കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്, പാലക്കാട് ജില്ലകളിൽനിന്നാണ് വന്യജീവി ആക്രമണങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. വന്യജീവി ആക്രമണം രൂക്ഷമായിരുന്ന വയനാട് മേഖലയിൽ പീച്ചി വനഗവേഷണ കേന്ദ്രം പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകളിൽ പലതും നടപ്പാക്കിയിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം വർദ്ധിച്ചുവരുന്ന സാഹചര്യം വിശദമായി പഠിച്ച് പ്രതിവിധി നിർദ്ദേശിക്കാനായി വനംവകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായി രൂപീകരിച്ച കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽ നാശനഷ്ടം കൂടുതൽ സൃഷ്ടിക്കുന്നത് കാട്ടുപന്നികളാണെന്നും നിബന്ധനകൾക്ക് വിധേയമായി അവയെ കൊല്ലുന്നതിന് അനുവാദം നൽകേണ്ടതാണെന്നും ശിപാർശ ചെയ്തിരുന്നു. ഇതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച ഉത്തരവിലെ നിബന്ധനകൾ ലഘൂകരിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. വർദ്ധിച്ചുവരുന്ന മനുഷ്യ-വന്യജീവി സംഘർഷത്തെക്കുറിച്ച് പഠനം നടത്തുവാനും കുരങ്ങുകളിലെ വന്ധ്യംകരണം ഉൾപ്പെടെയുള്ള നിയന്ത്രണ രീതികളുടെ ശാസ്ത്രീയവശം പരിശോധിച്ച് പരിഹാരമാർഗ്ഗം നിർദ്ദേശിക്കുവാനും പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നാട്ടിലിറങ്ങുന്ന വന്യജീവികളെ തിരിച്ച് കാട്ടിലേയ്ക്ക് അയയ്ക്കുന്നതുൾപ്പെടെയുള്ള പ്രവൃത്തികൾ ചെയ്യുന്നതിനായി 13 ദ്രുത പ്രതികരണ സംഘങ്ങളെ നിയോഗിച്ചിട്ടുണ്ട്. മനുഷ്യ-

വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി പ്രശ്നബാധിത പ്രദേശങ്ങളിൽ 1501 കി. മീ. ആന പ്രതിരോധ കിടങ്ങ് കുഴിച്ചിട്ടുണ്ട്. നബാർഡിന്റെ വായ്പാ പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ വനാതിർത്തികളിൽ കാട്ടാനകളെ പ്രതിരോധിക്കുന്നതിനുള്ള കരിങ്കൽ ഭിത്തി നിർമ്മാണവും കണ്ണൂർ ജില്ലയിലെ ആറളം പ്രദേശത്ത് 2.5 കി. മീ. ദൂരത്തിൽ സ്റ്റീൽ ഫെൻസിംഗ് നിർമ്മാണവും പുരോഗമിച്ചുവരുന്നു. വന്യജീവികൾ നാട്ടിലേയ്ക്ക് ഇറങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ആയത് പ്രദേശവാസികളെ അറിയിക്കുന്നതിനായി 'ഏർളി വാണിംഗ് എസ്.എം.എസ്. അലെർട്ട് സിസ്റ്റം' വയനാട്, മൂന്നാർ, ആറളം മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്. വന്യജീവികളുടെ ആക്രമണത്തിന് വിധേയരായി വനത്തിൽവച്ച് മരണപ്പെടുന്നവർക്ക് നൽകുന്ന നഷ്ടപരിഹാരം 10 ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നകാര്യം പരിശോധിക്കുന്നതാണ്. വന്യജീവി ആക്രമണം സംബന്ധിച്ച വിഷയം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും അടിയന്തരസഹായം ആവശ്യപ്പെടുന്നതിനും തീരുമാനിച്ചിട്ടുണ്ട്. വനാതിർത്തി സംരക്ഷിക്കുന്നതിനും വന്യജീവികളുടെ ആക്രമണം തടയുന്നതിനുമുള്ള പദ്ധതിക്കായി കിഫ്ബിയിൽ 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വനാതിർത്തി പങ്കുവയ്ക്കുന്ന പഞ്ചായത്തുകളിൽ ജനജാഗ്രതാ സമിതികൾ രൂപീകരിക്കുന്നതിനും നിയമാനുസൃതമായ രീതിയിൽ തോക്ക് ലൈസൻസ് പുതുക്കിനൽകുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

(2) സുരക്ഷിത റെയിൽയാത്ര ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എ. പി. അനിൽകുമാർ: സംസ്ഥാനത്ത് ട്രെയിനുകൾ തുടർച്ചയായി പാളം തെറ്റുന്നതുമൂലമുള്ള അപകടങ്ങൾ ജനങ്ങൾക്കിടയിൽ ആശങ്കയുണർത്തിയിരിക്കുകയാണ്. കാലപ്പഴക്കംമൂലം ബലക്ഷയം വന്ന പാളങ്ങളാണ് ഇത്തരം അപകടങ്ങൾക്ക് കാരണമെന്ന് റെയിൽവേ വകുപ്പ് കണ്ടെത്തിയിട്ടുണ്ടെങ്കിലും അവ നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാതെ ട്രെയിനുകൾക്ക് വേഗനിയന്ത്രണം ഏർപ്പെടുത്തുകയാണ് ചെയ്യുന്നത്. ട്രെയിൻ യാത്രക്കാരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനും ഇത്തരം അപകടങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും സർക്കാർ അടിയന്തരമായി ഇടപെടണം. റെയിൽവേ വികസനത്തിന്റെ കാര്യത്തിൽ സംസ്ഥാനത്തോട് കാണിക്കുന്ന വിവേചനം അവസാനിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): തുടർച്ചയായുണ്ടാകുന്ന അപകടങ്ങളുടെ പശ്ചാത്തലത്തിൽ കേരളത്തിലെ ട്രെയിനുകളുടെയും യാത്രക്കാരുടെയും സുരക്ഷയ്ക്കാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിയോട് കത്തുമുഖേന ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിലുള്ള പാളങ്ങളുടെ അറ്റകുറ്റപ്പണി വേഗത്തിൽ

പൂർത്തിയാക്കുന്നതിനും റെയിൽവേ എഞ്ചിനീയറിംഗ് വിഭാഗം കണ്ടെത്തിയ വിള്ളലുകൾ അടിയന്തരമായി പരിഹരിക്കുന്നതിനും കാലഹരണപ്പെട്ട കോച്ചുകളും വാഗണുകളും സിഗ്നലിംഗ് സംവിധാനങ്ങളും മാറ്റുന്നതിനും പാത ഇരട്ടിപ്പിക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പുതിയ ട്രെയിനുകൾ അനുവദിക്കുന്നതിലും റെയിൽവേ വികസനത്തിലും സംസ്ഥാനത്തോട് കുറ്റകരമായ വിവേചനമാണ് കേന്ദ്ര സർക്കാർ കാണിക്കുന്നത്. സംസ്ഥാനത്തെ റെയിൽവേ സ്റ്റേഷനുകളുടെ നിലവാരം ഉയർത്തുന്നതിനും വനിതാ യാത്രക്കാരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനും വേണ്ടത്ര പരിഗണന റെയിൽവേ നൽകുന്നില്ല. റെയിൽവേ വികസനവുമായി ബന്ധപ്പെട്ട സംസ്ഥാനത്തിന്റെ വിവിധ ആവശ്യങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കേരളത്തിന്റെ ആവശ്യങ്ങൾ ബോദ്ധ്യപ്പെടുത്തിക്കൊണ്ട് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന് നിരവധി കത്തുകളയച്ചുവെങ്കിലും നിഷേധാത്മകമായ നിലപാടാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. കേരളീയരായ യാത്രക്കാരുടെ സുരക്ഷയും മെച്ചപ്പെട്ട യാത്രാസൗകര്യങ്ങളും ഉറപ്പുവരുത്തുന്നതിനായി കേന്ദ്ര റെയിൽവെ വകുപ്പുമന്ത്രിയെയും ആവശ്യമെങ്കിൽ പ്രധാനമന്ത്രിയേയും നേരിൽക്കണ്ട് വിഷയത്തിന്റെ ഗൗരവം ബോദ്ധ്യപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നതാണ്.

## III സബ്മിഷൻ

മി. സ്പീക്കർ: നവംബർ 1 മുതൽ കേരളത്തിലെ എ.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് റേഷൻ നിഷേധിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം ശൂന്യവേളയിൽ ഉന്നയിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. രാജു എബ്രഹാം നോട്ടീസ് നൽകിയിരുന്നു. ഇതേ വിഷയം ബഹു. പ്രതിപക്ഷ നേതാവ് സബ്മിഷനായി അവതരിപ്പിക്കാൻ നോട്ടീസ് നൽകിയിട്ടുള്ളതിനാൽ രണ്ടുപേർക്കും അവസരം നൽകുന്നതാണ്.

(1) റേഷൻ വിതരണം

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സംസ്ഥാനത്തെ റേഷൻ വിതരണത്തിലെ പ്രതിസന്ധി പരിഹരിക്കുന്നതിനും എ.പി.എൽ. വിഭാഗത്തെ റേഷൻ വിഹിതത്തിൽ നിന്നും ഒഴിവാക്കാതിരിക്കുന്നതിനും കേരളത്തിൽ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം കുറ്റമറ്റരീതിയിൽ നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. രാജു എബ്രഹാം: കേരളത്തിന് നാണ്യവിളകൾക്ക് പകരമനുവദിച്ച സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം പുനഃസ്ഥാപിക്കുന്നതിനും ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും എ.പി.എൽ. വിഭാഗത്തെ റേഷൻ വിഹിതത്തിൽനിന്നും സമ്പൂർണ്ണമായി ഒഴിവാക്കുന്നതിനുള്ള കേന്ദ്ര

തീരുമാനത്തിനെതിരെ പ്രമേയം പാസ്സാക്കുന്നതിനും നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): 2013 ജൂലൈ 5-ന് നിലവിൽ വന്ന കേന്ദ്ര ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കാത്തതിനാൽ സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരുന്ന അധിക ഭക്ഷ്യധാന്യ വിഹിതം ഓണത്തിനുമുമ്പുതന്നെ കേന്ദ്രഗവൺമെന്റ് നിർത്തലാക്കുകയും കഴിഞ്ഞ കേന്ദ്ര ക്യാബിനറ്റ് ഉപസമിതി യോഗത്തിൽ എ.പി.എൽ. വിഭാഗത്തിന് ലഭിച്ചുകൊണ്ടിരുന്ന ഭക്ഷ്യ ധാന്യ വിഹിതംകൂടി നിഷേധിക്കുകയും ചെയ്തു. കേരളത്തിന്റെ പൊതുവിതരണരംഗം താറുമാറാകുന്ന അവസ്ഥ വ്യക്തമാക്കി കേന്ദ്ര ഭക്ഷ്യ വകുപ്പുമന്ത്രിക്കും പ്രധാനമന്ത്രിക്കും നിവേദനം നൽകുകയും സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം തുടരുന്ന കേരളത്തിന് ലഭിച്ചുകൊണ്ടിരുന്ന ധാന്യവിഹിതം തുടർന്നും ലഭ്യമാക്കണമെന്ന് പ്രമേയത്തിലൂടെ കേരള നിയമസഭ കേന്ദ്രഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയും കേന്ദ്ര ഭക്ഷ്യ വകുപ്പുമന്ത്രിയെ നേരിൽകണ്ട് കേന്ദ്ര ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുന്നതിന് കേരളം നാളിതുവരെ സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കുകയും ചെയ്തു. കുറ്റമറ്റരീതിയിൽ നിയമം നടപ്പിലാക്കുന്നതിന് ആറുമാസത്തെ സമയംകൂടി നൽകണമെന്ന കേരളത്തിന്റെ ആവശ്യം അംഗീകരിച്ചുവെങ്കിലും നിലവിൽ പ്രസിദ്ധീകരിച്ച കരട് ലിസ്റ്റുപ്രകാരം പഴയ റേഷൻ കാർഡിൽ എൻ.എഫ്.എസ്.എ. പതിപ്പിച്ച് മുതിർന്ന വനിതാ

അംഗത്തിന്റെ പേരിൽ നവംബർ ഒന്നുമുതൽ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം അനുശാസിക്കുന്ന അളവിൽ റേഷൻ വിതരണം ആരംഭിക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിൽ വരുന്നതോടെ ബി.പി.എൽ/ എ.പി.എൽ പട്ടികയ്ക്കുപകരം മുൻഗണനാ/മുൻഗണനേതര പട്ടികയുടെ അടിസ്ഥാനത്തിൽ റേഷൻ വിതരണം നടത്തേണ്ടിവരും. മുൻഗണനാ പട്ടികയിൽ ഉൾപ്പെടുന്ന കുടുംബങ്ങൾക്ക് കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ച നിരക്കിൽ ധാന്യങ്ങൾ ലഭ്യമാക്കും. മുൻഗണനേതര വിഭാഗങ്ങൾക്ക് ഏത് നിരക്കിൽ നൽകണമെന്നത് പരിശോധിച്ചുവരികയാണ്. റേഷൻ കടകൾ, വില്ലേജ് ഓഫീസുകൾ, പഞ്ചായത്ത് ഓഫീസുകൾ, സപ്ലൈ ഓഫീസ് എന്നിവിടങ്ങളിൽ 20-ാം തീയതി മുതൽ പ്രസിദ്ധീകരിക്കുന്ന മുൻഗണനാ പട്ടികയിന്മേൽ ആക്ഷേപം സമർപ്പിക്കുന്നതിന് സൗകര്യമേർപ്പെടുത്തിയിട്ടുണ്ട്. വെരിഫിക്കേഷൻ കമ്മിറ്റി 15.11.2016-ന് പ്രസ്തുത ആക്ഷേപങ്ങളിന്മേൽ തീർപ്പുകൽപ്പിക്കണമെന്നും വെരിഫിക്കേഷൻ കമ്മിറ്റിയുടെ തീരുമാനത്തിന്മേൽ അപ്പീൽ സമർപ്പിക്കുന്നതിന് 7 ദിവസത്തെ സമയംകൂടി നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. അന്തിമ പട്ടിക 2017 ജനുവരി ഒന്നിന് പ്രസിദ്ധീകരിക്കാനും ഫെബ്രുവരി ഒന്നാം തീയതി മുതൽ റേഷൻ കാർഡ് വിതരണം തുടങ്ങി മാർച്ച് 15-ന് പൂർത്തിയാക്കാനും ഏപ്രിൽ ഒന്നിന് എൻ.എഫ്.എസ്.എ. സ്കീം നടപ്പിലാക്കാനുമാണ് തീരുമാനിച്ചിരിക്കുന്നത്.

06-10-2016-ന് ഡൽഹിയിൽവച്ച് കേന്ദ്ര ഭക്ഷ്യ വകുപ്പുമന്ത്രിയെ നേരിൽക്കാണുകയും ഈ വിഷയം സംബന്ധിച്ച് ചർച്ച നടത്തുകയുമുണ്ടായി. സംസ്ഥാന താൽപ്പര്യം സംരക്ഷിക്കുന്നതിന് എല്ലാവരും ഒത്തൊരുമിച്ച് നിൽക്കേണ്ടതാണ്.

(2) തീരദേശ പോലീസ് സ്റ്റേഷൻ

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: ഗുരുവായൂർ മണ്ഡലത്തിലെ മുനക്കകടവിൽ തീരദേശ പോലീസ് സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): രാജ്യസുരക്ഷ മുൻനിർത്തി തീരദേശ സംരക്ഷണം ഉറപ്പാക്കണമെന്ന ദേശീയ നയത്തിന്റെ ഭാഗമായി സംസ്ഥാനത്ത് എട്ട് തീരദേശ പോലീസ് സ്റ്റേഷനുകൾ ഇതിനോടകം ആരംഭിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ കടപ്പുറം മുനക്കകടവ് പോലീസ് സ്റ്റേഷനുൾപ്പെടെ രണ്ടാംഘട്ടത്തിൽ പ്രവർത്തനമാരംഭിക്കുന്നതിന് വിജ്ഞാപനം ചെയ്തിട്ടുള്ള അഞ്ച് തീരദേശ പോലീസ് സ്റ്റേഷനുകൾക്കായി 30 പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് ധനകാര്യ വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുള്ളതിനാൽ പ്രസ്തുത തീരദേശ പോലീസ് സ്റ്റേഷന്റെ പ്രവർത്തനം

ഉടൻതന്നെ ആരംഭിക്കുന്നതാണ്.

(3) വിമാനക്കമ്പനികളുടെ ചാർജ്ജ് വർദ്ധന

ശ്രീ. പി. സി. ജോർജ്: ഉത്സവ സീസണുകളിലുള്ള വിമാനക്കമ്പനികളുടെ അമിത ചാർജ്ജ് വർദ്ധന നിർത്തലാക്കുന്നതിനും എയർ കേരള പദ്ധതി ആരംഭിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): കേന്ദ്ര സർക്കാരിന്റെ പുതിയ വ്യോമയാന നയപ്രകാരം രാജ്യാന്തര വിമാന സർവ്വീസുകൾ ആരംഭിക്കുന്നതിന് ആഭ്യന്തര മേഖലയിലുള്ള അഞ്ച് വർഷത്തെ വിമാന ഗതാഗത പരിചയം വേണമെന്ന വ്യവസ്ഥ എടുത്തുകളഞ്ഞെങ്കിലും 20 വിമാനങ്ങൾ സ്വന്തമായി വേണമെന്ന നിബന്ധന നിലനിൽക്കുന്നത് എയർ കേരള പദ്ധതി ആരംഭിക്കുന്നതിന് തടസ്സമാണ്. ഉത്സവ സീസണുകളിൽ കൂടുതൽ വിമാന സർവ്വീസുകൾ ലഭ്യമാക്കുന്നതിനുള്ള ഇതര മാർഗ്ഗങ്ങൾ ആരായുന്നതാണ്.

(4) കിഴക്കേകോട്ടയിലെ ഗതാഗതക്കുരുക്കും വാഹനാപകടങ്ങളും

ശ്രീ. വി. എസ്. ശിവകുമാർ: കിഴക്കേകോട്ടയിലെ വർദ്ധിച്ചുവരുന്ന ഗതാഗതക്കുരുക്കും വാഹനാപകടങ്ങളും ഒഴിവാക്കുന്നതിനും യാത്രക്കാർക്ക് റോഡ് മുറിച്ചുകടക്കുന്നതിനായി അടിപ്പാത/ഫുട് ഓവർബ്രിഡ്ജ് നിർമ്മിക്കുന്നതിനുമുള്ള

നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): അനധികൃത പാർക്കിംഗും യാത്രക്കാരുടെ റോഡ് മുറിച്ചുകടക്കലും അപകടങ്ങൾക്കിടയാക്കുന്നുണ്ടെന്ന് ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ബീമാപള്ളിയിൽ നിന്നും വരുന്ന ബസ്സുകൾ കിഴക്കേകോട്ട വഴി അട്ടക്കുളങ്ങര സെൻട്രൽ സ്കൂളിന് മുൻവശത്തേയ്ക്ക് യു-ടേൺ എടുക്കുന്നതൊഴിവാക്കി തിരികെ ബീമാപള്ളിയിലേക്ക് സർവ്വീസ് നടത്തുന്നതിനും ബസ് സ്റ്റാൻഡിന് സമീപം പ്രവർത്തിച്ചുവരുന്ന ഓട്ടോറിക്ഷാ സ്റ്റാൻഡ് ഗാന്ധിപാർക്കിന് സമീപത്തായി റാമ്പ് നിർമ്മിച്ച് പാർക്ക് ചെയ്യിക്കുന്നതിനും തീരുമാനിച്ചു. 18-08-2016-ൽ ട്രാൻസ്പോർട്ട് കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ബാരിക്കേഡുകളും മീഡിയനുകളും കാൽനട യാത്രക്കാർ മുറിച്ചുകടക്കാത്ത രീതിയിൽ ക്രമീകരിക്കുന്നതിനും ഡിവൈഡറുകൾ പൊളിച്ചുമാറ്റുന്നതിനും ഡെസ്റ്റിനേഷൻ ബോർഡ്, നമ്പർ എന്നിവ സ്ഥാപിക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. പഴവങ്ങാടി മുതൽ അട്ടക്കുളങ്ങര വരെ മൂന്ന് സിഗ്നൽ ലൈറ്റുകളും ബസ് ബേ, നടപ്പാതകൾ, പെഡസ്ട്രിയൻ ക്രോസിംഗ് എന്നിവയും സ്ഥാപിച്ചു. കെ.എസ്.ആർ.ടി.സി.-യുടെ

ലഭ്യമായ സ്ഥലത്തേയ്ക്ക് ബസ് പാർക്കിംഗ് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. കാൽനട യാത്രക്കാർക്കായി ഫുട് ഓവർ ബ്രിഡ്ജ് സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കാൻ നാറ്റ്പാകിനെ ചുമതലപ്പെടുത്തുകയും ഈ മേഖലയിൽ കൂടുതൽ പോലീസ് ഫോഴ്സിനെ നിയോഗിക്കാൻ ട്രാഫിക് അസിസ്റ്റന്റ് കമ്മീഷണർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ദീർഘകാലാടിസ്ഥാനത്തിൽ ഗതാഗതക്കുരുക്കിന് പരിഹാരം കാണാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

(5) വയനാട്ടിലെ വരൾച്ച

ശ്രീ. സി. കെ. ശശീന്ദ്രൻ: വരൾച്ചാബാധിത ജില്ലകളുടെ പട്ടികയിൽ വയനാടിനെക്കൂടി ഉൾപ്പെടുത്തുന്നതിനും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഉന്നതതല യോഗം ചേർന്ന് വയനാട് ജില്ലയിലെ വരൾച്ച നേരിടുന്നതിനുള്ള ഹ്രസ്വ-ദീർഘകാല പദ്ധതികൾ പ്രഖ്യാപിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: പുൽപ്പള്ളി, മുള്ളൻകൊല്ലി പഞ്ചായത്തുകളിലെ വരൾച്ച നേരിടുന്നതിനും വരൾച്ചാബാധിത ജില്ലകളുടെ പട്ടികയിൽ വയനാടിനെ ഉൾപ്പെടുത്തുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>): ഒരു ജില്ലയേയും ഇപ്പോൾ വരൾച്ചബാധിത ജില്ലയായി പ്രഖ്യാപിച്ചിട്ടില്ല. മഴലഭ്യത കുറഞ്ഞ വയനാട് ജില്ലയെ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ആദ്യ യോഗത്തിൽ വരൾച്ചബാധിത ജില്ലയായി പ്രഖ്യാപിക്കുന്നതാണ്. കേന്ദ്രമാനദണ്ഡങ്ങൾക്കനുസൃതമായി ഒക്ടോബർ മാസത്തിൽത്തന്നെ പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, ഇടുക്കി, പാലക്കാട് എന്നീ ജില്ലകളെ വരൾച്ചബാധിത ജില്ലകളായി പ്രഖ്യാപിക്കണമെന്ന് 13-10-2016-ന് മുഖ്യമന്ത്രിതലത്തിൽ നടന്ന യോഗത്തിൽ നിർദ്ദേശിച്ചെങ്കിലും അതിലൊരു തീരുമാനമെടുത്തിട്ടില്ല. വരൾച്ചബാധിത ജില്ലയായി പ്രഖ്യാപിക്കുന്ന ജില്ലകളിൽ വെള്ളം ഉപയോഗിക്കുന്നതിനുള്ള മുൻഗണനാക്രമത്തെക്കുറിച്ചും 2017 മെയ് മാസം വരെ പാലിക്കേണ്ട ഓരോ നടപടിക്രമങ്ങളെക്കുറിച്ചും തീരുമാനിച്ചിട്ടുണ്ട്. ഏറ്റവും മഴ കുറഞ്ഞ വയനാട് ജില്ലയിലെ കൃഷിക്കാരെ ഇത് പ്രതികൂലമായി ബാധിക്കുമെന്നതിനാൽ നിലവിലുള്ള കൃഷിക്കുശേഷം തണുപ്പുകാലകൃഷി ആരംഭിക്കുന്നതിനുമുമ്പായി കേരളത്തിലെ വടക്കുകിഴക്കൻ കാലവർഷവും ഗുരുതരമായ രീതിയിൽ ആദ്യപകുതിയിൽ മഴക്കുറവ് കാണിക്കുകയാണെങ്കിൽ വരൾച്ചബാധിത ജില്ലയായി പ്രഖ്യാപിക്കുന്നതായിരിക്കും ഉചിതമെന്നാണ് തീരുമാനിച്ചിട്ടുള്ളത്. വയനാട്ടിൽ ശ്ലാഘനീയമായ രീതിയിൽ ഭൂജല സംരക്ഷണ

പ്രവർത്തനങ്ങളും നീർത്തടാധിഷ്ഠിത ജലസംരക്ഷണ പ്രവർത്തനങ്ങളും കഴിഞ്ഞ രണ്ടുവർഷമായി ജില്ലാഭരണകൂടത്തിന്റെയും നബാർഡിന്റെയും നേതൃത്വത്തിൽ നടപ്പാക്കിയത് ലഭ്യമായ ഭൂജലതോതിൽ പ്രതിഫലിക്കുന്നുണ്ട്. വരൾച്ച ബാധിതമായി പ്രഖ്യാപിച്ചാൽ വയനാട്ടിലെ കർഷകർക്ക് ഭൂജല വിനിയോഗവും എഴുപത്തിയഞ്ച് ശതമാനം കണ്ട് കുറയ്ക്കേണ്ടിവരും. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ അടുത്ത യോഗത്തിൽ വയനാട് ജില്ലയേയും വരൾച്ചബാധിത ജില്ലയായി പ്രഖ്യാപിക്കുന്നതാണ്. കാവേരി നദീജല ട്രൈബ്യൂണൽ വിധിപ്രകാരം അനുവദിച്ചിട്ടുള്ള ജലം പൂർണ്ണമായും ഉപയോഗിക്കുന്നതിനുവേണ്ടി 9 പുതിയ പദ്ധതികളുടെ സാധ്യതാപഠനം പൂർത്തീകരിച്ചു. കാവേരി അവാർഡുപ്രകാരം കബനി ബേസിനിൽ അനുവദിച്ച ജലം പൂർണ്ണമായും വിനിയോഗിക്കുന്നതിനായി പ്രസ്തുത ബേസിനിലെ പോഷക നദികളുടെയും കൈവഴികളുടെയും ടോപ്പോഗ്രാഫിക്കൽ സർവ്വേ നടത്തുന്നതിനുള്ള നടപടികളും നടന്നുവരുന്നുണ്ട്.

(6) ' അമ്മയും കുഞ്ഞും ' ആശുപത്രി

ശ്രീ. എ. എൻ. ഷംസീർ: തലശ്ശേരി 'അമ്മയും കുഞ്ഞും' ആശുപത്രിക്കാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്തി ആശുപത്രി എത്രയുംവേഗം യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ

ടീച്ചർ): 23-6-2014-ന് മുൻ ആരോഗ്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന യോഗത്തിൽ തലശ്ശേരിയിൽ 'അമ്മയും കുഞ്ഞും' ആശുപത്രിയുടെ കെട്ടിടനിർമ്മാണത്തിനാവശ്യമായ ഭൂമി കണ്ടെത്തുന്നതിന് തീരുമാനമെടുത്തെങ്കിലും അതുസംബന്ധിച്ച സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നില്ല. പ്രസ്തുത ആശുപത്രിക്ക് വേണ്ടി ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ രജിസ്ട്രേഷൻ ഫീ, സ്റ്റാമ്പ് ഡ്യൂട്ടി എന്നിവ ഒഴിവാക്കാനാകുമോയെന്നത് സംബന്ധിച്ച ഫയൽ ഇപ്പോൾ റവന്യൂ വകുപ്പിന്റെ പരിശോധനയിലാണ്. 9-8-2016-ന് ഈ ആശുപത്രി സർക്കാർ ഏറ്റെടുക്കുന്നതിനായി ഉത്തരവ് പുറപ്പെടുവിക്കുകയും ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി സ്ഥലമേറ്റെടുപ്പ് നടപടികൾ ത്വരിതഗതിയിലാക്കുകയും ചെയ്തു. മാന്ദ്യവിരുദ്ധ പാക്കേജിലുൾപ്പെടുത്തി അമ്പത് കോടി രൂപ ഈ ആശുപത്രിക്കുവേണ്ടി വകയിരുത്തിയിട്ടുണ്ട്. കെട്ടിടനിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ഈ ആശുപത്രിക്കാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനും നിയമനം നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(7) കാക്കത്തുരുത്ത് പാലത്തിന്റെ നിർമ്മാണം

ശ്രീ. എ. എം. ആരിഫ് : അരൂർ മണ്ഡലത്തിലെ എഴുപുന്ന ഗ്രാമപഞ്ചായത്തിലെ കാക്കത്തുരുത്ത് പാലത്തിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : 14-9-2009-ലെ ഉത്തരവുപ്രകാരം അരൂർ മണ്ഡലത്തിലെ എഴുപുന്ന ഗ്രാമപഞ്ചായത്തിലെ കാക്കത്തുരുത്ത് പാലത്തിന് 4 കോടി 16 ലക്ഷം രൂപയുടെ ഭരണാനുമതിയും 4 കോടി 52 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നേടി 8-3-2012-ന് പാലം പണി ആരംഭിച്ചെങ്കിലും സ്ഥലമേറ്റെടുപ്പിനോടനുബന്ധിച്ച തർക്കത്തെത്തുടർന്ന് കരാറുകാരൻ പണി ഉപേക്ഷിച്ചതിനാൽ 20-1-2016-ലെ ഉത്തരവുപ്രകാരം റിസ്ക് ആന്റ് കോസ്റ്റിൽപ്പെടുത്തി കരാറുകാരനെ ഒഴിവാക്കുകയുണ്ടായി. ഈ പ്രവൃത്തിക്കായുള്ള പുതുക്കിയ എസ്റ്റിമേറ്റ് ബഡ്ജറ്റിൽ ഉൾപ്പെടുത്തി ധനകാര്യവകുപ്പിൽനിന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് പാലത്തിന്റെ പണി പൂർത്തീകരിക്കുന്നതാണ്.

(8) കൊടുങ്ങല്ലൂർ ബൈപ്പാസിലെ റോഡപകടങ്ങൾ

ശ്രീ. വി. ആർ. സുനിൽ കുമാർ: അശാസ്ത്രീയമായ നിർമ്മാണംമൂലം കൊടുങ്ങല്ലൂർ ബൈപ്പാസിൽ ഉണ്ടാകുന്ന അപകടങ്ങൾ നിയന്ത്രിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കൊടുങ്ങല്ലൂർ ബൈപ്പാസിലുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി ട്രാഫിക് സേഫ്റ്റി കമ്മീഷണർ സ്ഥലം സന്ദർശിക്കുകയും ക്രമീകരണങ്ങൾ അവലോകനം

ചെയ്ത നൽകിയ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ക്രോസ് റോഡിൽനിന്നും മെയിൻ റോഡിലേക്കുള്ള ഡയറക്ട് എൻട്രി ഒഴിവാക്കിയും മീഡിയനുകളിൽ സിഗ്നൽ പോയിന്റിൽ അല്ലാതെയുള്ള യു-ടേണുകൾ ഒഴിവാക്കിയും നിർമ്മാണം പൂർത്തിയാക്കാൻ ബാക്കിയുണ്ടായിരുന്ന രണ്ട് കിലോമീറ്റർ ദൈർഘ്യമുള്ള സർവ്വീസ് റോഡുകളുടെ പണി പൂർത്തിയാക്കിയും അപകടങ്ങൾ ഗണ്യമായി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. മീഡിയൻ ഗ്യാപ് പൂർണ്ണമായി അടയ്ക്കുകയും ജംഗ്ഷനിൽ കൗണ്ട്ഡൗൺ ടൈമറോടുകൂടിയ ഇലക്ട്രോണിക് ഉപകരണം സ്ഥാപിക്കുകയും റോഡുസുരക്ഷാ പദ്ധതിയിലുൾപ്പെടുത്തി ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും സർവ്വീസ് റോഡുകളിൽ സിഗ്നൽ ഇല്ലാത്ത ഭാഗങ്ങളിൽ ഹംപുകൾ സ്ഥാപിക്കുകയും ചെയ്ത് അപകടങ്ങൾ കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. ബൈപ്പാസിൽ നടക്കുന്ന അപകടങ്ങളെക്കുറിച്ച് ശാസ്ത്രീയപഠനം നടത്തി നിർദ്ദേശം നൽകാൻ നാറ്റ്പാക്കിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(9) സാമ്പത്തിക സഹായം വർദ്ധിപ്പിക്കൽ

ശ്രീ. കെ. കുഞ്ഞിരാമൻ: മലബാറിലെ ക്ഷേത്ര സ്ഥാനികർക്കും കോലധാരികൾക്കും നൽകിവരുന്ന പെൻഷൻ തുക വർദ്ധിപ്പിക്കുന്നതിനും പുതുതായി വരുന്ന അപേക്ഷകർക്ക് പെൻഷനടക്കമുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനും നടപടി സ്വീകരിക്കണം.

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): മലബാർ ദേവസ്വം ബോർഡിൽനിന്നും യഥാക്രമം പ്രതിമാസം 800, 700 രൂപ നിരക്കിൽ 1804 ആചാരസ്ഥാനികർക്കും 367 കോലധാരികൾക്കും ധനസഹായം നൽകിവരുന്നുണ്ട്. ഇതിനായി 2016-17 സാമ്പത്തിക വർഷം ഒരു കോടി രൂപ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന തുക ദേവസ്വം ബോർഡിന്റെ തനതു ഫണ്ടിൽനിന്നാണ് നൽകിവരുന്നത്. ഈ ധനസഹായം 1500 രൂപയായി വർദ്ധിപ്പിക്കണമെന്നാണ് ആവശ്യം. പുതുതായി 1524 ആചാരസ്ഥാനികരുടെയും 124 കോലധാരികളുടെയും അപേക്ഷകൂടി ലഭിച്ചിട്ടുണ്ട്. ഇതുകൂടി കണക്കിലെടുത്താൽ ധനസഹായത്തുക 3,99,88,000 രൂപയായി വർദ്ധിക്കും. 2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള ധനാഭ്യർത്ഥനകളുടെ പരിശോധനയിൽ ഈ ശീർഷകത്തിൽ അധികമായി നാല് കോടി രൂപ അനുവദിക്കണമെന്ന് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തീരുമാനം എടുത്തിട്ടില്ല. ഇതിൽ തീരുമാനമാകുന്നമുറയ്ക്ക് പ്രതിമാസ ധനസഹായം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

(10) മഞ്ചേരി അൺ-എയ്ഡഡ് സ്കൂളുകളിലെ പ്ലസ് വൺ സീറ്റ് വർദ്ധനവ്

ശ്രീ. എം. ഉമ്മർ : ഹയർ സെക്കന്ററി ഡയറക്ടറേറ്റിൽനിന്നും പുറപ്പെടുവിച്ച

സർക്കുലറിൽ വന്ന പിശക് കാരണം മഞ്ചേരി മണ്ഡലത്തിലെ ചില അൺ എയ്ഡഡ് സ്കൂളുകളിൽ പ്ലസ് വൺ-ന് അധികമായി പ്രവേശനം നൽകിയ കുട്ടികളുടെ ഭാവി അനിശ്ചിതത്വത്തിലാകുന്ന അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) : സംസ്ഥാന ഹയർ സെക്കന്ററി കോഴ്സിൽ ഒരു ബാച്ചിൽ പ്രവേശിപ്പിക്കാവുന്ന വിദ്യാർത്ഥികളുടെ എണ്ണം 50 ആയി നിജപ്പെടുത്തിയിട്ടുണ്ടെങ്കിലും ഓരോ വർഷവും മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിക്കാറുണ്ട്. ഈ വർഷം സർക്കാർ എയ്ഡഡ് സ്കൂളുകളിൽ മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിച്ചിരുന്നുവെങ്കിലും അൺ എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകൾക്ക് അവ ബാധകമാക്കിയിരുന്നില്ല. അൺ എയ്ഡഡ് ഹയർ സെക്കന്ററി കോഴ്സിൽ ഒരു ബാച്ചിൽ ഈ വർഷം പ്രവേശിപ്പിക്കാവുന്ന പരമാവധി വിദ്യാർത്ഥികളുടെ എണ്ണം 50 ആണെന്നിരിക്കെ ചില അൺ എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകൾ സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി 50-ലധികം വിദ്യാർത്ഥികൾക്ക് പ്രവേശനം അനുവദിക്കുകയുണ്ടായി. അധികമായി പ്രവേശനം നൽകിയ വിദ്യാർത്ഥികളുൾപ്പെടെ 2016-17 അദ്ധ്യയനവർഷം ഓരോ ബാച്ചുകളിലും 60 വിദ്യാർത്ഥികളെ പ്രവേശിപ്പിച്ച് രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം ലഭ്യമാക്കണമെന്ന് പ്രസ്തുത മാനേജ്മെന്റുകൾ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. ഈ സ്കൂളുകൾ ഉൾപ്പെടെയുള്ള സംസ്ഥാനത്തെ എല്ലാ അൺ എയ്ഡഡ് സ്കൂളുകളും

ബാച്ച് ഒന്നിന് 50 സീറ്റ് വച്ചാണ് സീറ്റ് മെട്രിക്സ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. അൺ എയ്ഡഡ് സ്കൂളുകളിൽ വൻ തുകകൾ ഫീസായി ഈടാക്കുന്നുവെന്ന ആരോപണങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ അത്തരം പ്രവണതകൾ നിരുത്സാഹപ്പെടുത്തുന്നതിനാണ് ഈ സംവിധാനം കൊണ്ടുവന്നത്. മാനേജ്മെന്റുകളുടെ ഈ ക്രമവിരുദ്ധ നടപടി അംഗീകരിക്കാനാവില്ല. അധികമായി പ്രവേശിപ്പിച്ച വിദ്യാർത്ഥികൾക്ക് സർക്കാർ എയ്ഡഡ് സ്കൂളുകളിൽ പ്രവേശനം നൽകുന്നതിനോ ഓപ്പൺസ്കൂൾ മുഖാന്തിരം രജിസ്റ്റർ ചെയ്യുന്നതിനോ ഉള്ള അനുമതി നൽകുന്നതാണ്. വിദ്യാർത്ഥികളുടെ പഠനത്തേയോ ഭാവിയേയോ ബാധിക്കാത്തതരത്തിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതാണ്.

## IV വ്യക്തിപരമായ വിശദീകരണം

<u>തെറ്റായ പരാമർശം സംബന്ധിച്ച്</u>

<u>ശ്രീ. പി. ടി. തോമസ്</u> : 17.10.2016-ന് മുൻ വ്യവസായ വകുപ്പുമന്ത്രി ഇ. പി. ജയരാജൻ, രാജിവയ്ക്കാനിടയായ സാഹചര്യം സംബന്ധിച്ച് സഭയിൽ പ്രസ്താവന നടത്തുന്നതിനിടയിൽ ഞാനും ശ്രീ. വി.ഡി. സതീശനും കാരണമാണ് അദ്ദേഹം രാജിവച്ചത് എന്ന് പരാമർശിക്കുകയുണ്ടായി. കഴിഞ്ഞ ഒരു മാസമായി വ്യക്തിപരമായ ആവശ്യാർത്ഥം ഞാൻ കേരളത്തിന് പുറത്തായിരുന്നു. അദ്ദേഹത്തിന്റെ പ്രസ്താവന എന്റെ പൊതുജീവിതത്തെയും എന്റെ സൽപ്പേരിനെയും

കളങ്കപ്പെടുത്തുന്നതാണ്. അത് രേഖയിൽ ഉണ്ടാകാൻ പാടില്ല. അത് പരിശോധിക്കണം. ഇതുസംബന്ധിച്ച് ചെയറിന്റെ ഭാഗത്തുനിന്നും വിശദീകരണമുണ്ടാകണം.

മി. സ്പീക്കർ : ചട്ടം 258 വ്യക്തിപരമായ വിശദീകരണമാണ്. രേഖ പരിശോധിക്കാം.

## V ക്രമപ്രശ്നം

ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭ്യമാക്കാത്തത് സംബന്ധിച്ച്

ശ്രീ. എം. വിൻസെന്റ് : 26.09.2016-ന് ഞാൻ സമർപ്പിച്ച ഒരു ചോദ്യത്തിന് ഇതുവരെയും എനിക്ക് ഉത്തരം ലഭിച്ചിട്ടില്ല. എന്നാൽ വിവരാവകാശ നിയമപ്രകാരം മറ്റുള്ളവർക്ക് ലഭിക്കുകയുണ്ടായി. ഇത് നിയമസഭയോടുള്ള അവഹേളനവും അംഗങ്ങളുടെ അവകാശങ്ങൾ ലംഘിക്കുന്നതുമാണ്. ഇതുസംബന്ധിച്ച് റൂളിംഗ് നൽകണം.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): അംഗങ്ങൾ ചോദിക്കുന്ന ചോദ്യങ്ങൾക്ക് 'വിവരം ശേഖരിച്ചു വരുന്നു' എന്നു മറുപടി നൽകിയാൽ അടുത്ത നിയമസഭാ സമ്മേളനത്തിൽ അത് മേശപ്പുറത്ത് വയ്ക്കുകയോ ലൈബ്രറിയിൽ ലഭ്യമാക്കുകയോ ചെയ്യാറുണ്ട്. അംഗങ്ങൾ ചോദിക്കുന്ന പല ചോദ്യങ്ങൾക്കും ഉത്തരം ലഭിക്കുന്നില്ലെന്ന പരാതിയുണ്ട്. ചെയർ അത് പരിശോധിക്കണം.

സപ്രഷൻ ഓഫ് ഫാക്ട്സ് ആയി തോന്നുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: വിവരാവകാശ നിയമപ്രകാരം ചോദ്യങ്ങൾക്കുള്ള ഉത്തരം ലഭിച്ചില്ലെങ്കിൽ അപ്പീൽ നൽകിയാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പിഴയടയ്ക്കേണ്ടിവരും എന്നതുകൊണ്ടാണ് വിവരാവകാശം അനുസരിച്ചുള്ള ചോദ്യങ്ങൾക്ക് ഉത്തരം ലഭിക്കുന്നത്. അംഗങ്ങളുടെ അവകാശം സംരക്ഷിക്കാൻ നടപടിയുണ്ടാകണം.

**റൂളിംഗ്**

മി. സ്പീക്കർ : ചട്ടപ്രകാരമുള്ള അവകാശം അംഗങ്ങൾക്ക് നിഷേധിക്കപ്പെട്ടാൽ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാൻ ചട്ടം വ്യവസ്ഥ ചെയ്യുന്നുണ്ട്. നിയമസഭാ സാമാജികർ ഉന്നയിക്കുന്ന ചോദ്യങ്ങൾക്ക് കൃത്യസമയത്ത് മറുപടി ലഭിക്കാത്ത വിഷയം നേരത്തേയും ചർച്ച ചെയ്തതാണ്. ഇത് ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ചോദ്യങ്ങൾക്കുള്ള മറുപടി യഥാസമയം അംഗങ്ങൾക്ക് ലഭ്യമാക്കുന്നതിന് ഗവൺമെന്റും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് റൂൾ ചെയ്യുന്നു.

## VI മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## VII റിപ്പോർട്ട് സമർപ്പണം

(1) കാര്യോപദേശക സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) സബ്ജക്ട് കമ്മിറ്റി VII-ന്റെ താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(i) 2016 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്

(ii) 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

## VIII റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ രണ്ടാമത് റിപ്പോർട്ട് അംഗീകരിച്ചു.

## IX ധനകാര്യം

<u>2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും</u>

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (<u>ശ്രീ. എ. സി. മൊയ്തീൻ</u>): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

| | |
|---|---|
| ധനാഭ്യർത്ഥന നമ്പർ XXVII | - സഹകരണം |
| | - (175, 10, 04,000/- രൂപ) |
| ധനാഭ്യർത്ഥന നമ്പർ XLII | - വിനോദസഞ്ചാരം |
| | - (168,03,87,000/- രൂപ) |

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽകുമാർ) : താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXIX - കൃഷി
- (1387,72,27,000/- രൂപ)

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു റ്റി. തോമസ്) : പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) : സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയേയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയേയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236 (3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

(ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടു.)

ശ്രീ. വി. ജോയി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സഹകരണ മേഖലയിൽ ഗുണകരമായ മാറ്റങ്ങളാണ് സമീപകാലത്തായി ദൃശ്യമാകുന്നത്. ഇന്ത്യയിൽ പ്രവർത്തിക്കുന്ന ആറ് ലക്ഷത്തോളം സഹകരണ സ്ഥാപനങ്ങളിൽ ആറായിരത്തോളം കോടി രൂപയുടെ നിക്ഷേപമുണ്ട്. സഹകരണ മേഖലയിൽ

സമഗ്രമായ മാറ്റങ്ങൾ വരുത്തണം. കൺസ്യൂമർഫെഡിലെ ക്രമക്കേടുകൾക്ക് അറുതിവരുത്തി കാര്യക്ഷമമായി പ്രർവത്തിക്കാനും ആഡിറ്റിംഗ് സംവിധാനം ശക്തമാക്കാനും നടപടി സ്വീകരിക്കണം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കൺസ്യൂമർഫെഡിൽ വലിയ മുന്നേറ്റം സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ ഓണക്കാലത്ത് കൺസ്യൂമർഫെഡ് വഴി 82 കോടി രൂപയുടെ വില്പന നടത്തി സർവ്വകാല റിക്കോർഡ് ഭേദിക്കാൻ ഈ ഗവൺമെന്റിനു കഴിഞ്ഞു. നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന നന്മ സ്റ്റോറുകൾ അടച്ചുപൂട്ടാനും ബാക്കിയുള്ളവയെ പ്രവർത്തനക്ഷമമാക്കാനും എടുത്ത തീരുമാനം അഭിനന്ദനമർഹിക്കുന്നു. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് സഹകരണമേഖലയിലടക്കം നടത്തിയ അഴിമതികൾ പുറത്തുവന്നിരിക്കുകയാണ്. പ്രാഥമിക സഹരണ ബാങ്കുകളുടെ അപ്പെക്സ് ബോഡിയായ ജില്ലാ സഹകരണ ബാങ്കിലേയ്ക്ക് കൈത്തറി സംഘങ്ങളേയും മിൽക്ക് സൊസൈറ്റികളേയും കയർ സംഘങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ട് നടത്തിയ തെരഞ്ഞെടുപ്പ് പരിശോധയ്ക്ക് വിധേയമാക്കുകയും വിവിധ സംഘങ്ങൾക്ക് നൽകിയ തുക തിരിച്ചുപിടിക്കാൻ നടപടി സ്വീകരിക്കുകയും വേണം. സഹകരണ സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണണം. പാപനാശം മുതൽ കാപ്പിൽ വരെയുള്ള ഭാഗം ടൂറിസം മാപ്പിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. വി. റ്റി. ബൽറാം</u>: ധനാഭ്യർത്ഥനയെ എതിർക്കുന്നു. വിനോദ

സഞ്ചാരമേഖലയിൽ അഭൂതപൂർവ്വമായ വളർച്ചയാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടായത്. ടൂറിസം വകുപ്പിനുള്ള അലോക്കേഷൻ 105 കോടി രൂപയായിരുന്നത് 5 വർഷംകൊണ്ട് 270 കോടി രൂപയാക്കി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. കേരളത്തിന്റെ ടൂറിസം സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിക്കണം. ഭാരതപ്പുഴയുടെ ചരിത്രവും സാംസ്കാരിക പാരമ്പര്യവും നിലനിർത്തുന്ന ഒരു ഹെറിറ്റേജ് ടൂറിസം സർക്ക്യൂട്ട് വികസിപ്പിച്ചെടുക്കണം. റെസ്പോൺസിബിൾ ടൂറിസം എന്ന ആശയത്തിന് കൂടുതൽ പ്രാധാന്യം നൽകണം. ഭക്ഷ്യോൽപ്പാദന രംഗത്ത് നിർണ്ണായകമായ പങ്കുവഹിക്കുന്ന നെൽകർഷകരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനും നെല്ലിന്റെ സംഭരണവില ഉയർത്തുന്നതിനും വർദ്ധിപ്പിച്ച കർഷക പെൻഷനും പെൻഷൻ കുടിശ്ശികയും വിതരണം ചെയ്യുന്നതിനും കൃഷിഭവനുകളിൽ നിലവിലുള്ള ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിനും നടപടി സ്വീകരിക്കണം. സഹകരണമേഖലയിൽ നിലനിൽക്കുന്ന ആശങ്കകളും ബുദ്ധിമുട്ടുകളും പരിഹരിച്ച് മുന്നോട്ടുപോകണം. ജില്ലാ സഹകരണ ബാങ്കുകളെ സംയോജിപ്പിച്ച് സംസ്ഥാനതലത്തിൽ ബാങ്ക് രൂപീകരിക്കാനുള്ള സർക്കാർ തീരുമാനം പുന:പരിശോധിക്കുന്നതോടൊപ്പം ഈ മേഖലയിലടക്കം നിലനിൽക്കുന്ന അഴിമതിയേയും കെടുകാര്യസ്ഥതയെയും പറ്റി നിഷ്പക്ഷവും നീതിപൂർവ്വവുമായ അന്വേഷണം നടത്താൻ തയ്യാറാകണം.

<u>ശ്രീ. ജി. എസ്. ജയലാൽ</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സാങ്കേതികമായി കൃഷിയെ സമീപിക്കാതെ ജനകീയാവബോധത്തിലൂടെ കാർഷികരംഗത്തെ പരിപോഷിപ്പിക്കാനും കൃഷിയുടെ മാഹാത്മ്യം തിരിച്ചറിയുന്ന ഒരു തലമുറയെ വാർത്തെടുക്കാനും പൊതു ചിറകളും മേച്ചിൽ സ്ഥലങ്ങളും സംരക്ഷിക്കാനും ശുദ്ധവും ശ്രേഷ്ഠവും ജീവിതദായകവുമായ ഒരു തൊഴിലായി കൃഷിയെ മാറ്റാനും എല്ലാവരുടെയും കൂട്ടായ പരിശ്രമം ആവശ്യമാണ്. നൂതന കൃഷി രീതികളിലൂടെ കേരളം നേരിട്ടുകൊണ്ടിരിക്കുന്ന ആരോഗ്യപ്രശ്നങ്ങൾക്ക് പരിഹാരം കാണാനും മലയാളികളുടെ ജീവനോപാധിയും ആത്മരക്ഷയുമെന്ന നിലയിൽ കൃഷിയെ മാറ്റിയെടുക്കാനും കൃഷി വകുപ്പുമന്ത്രി നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ പ്രശംസനീയമാണ്. ഡാറ്റാ ബാങ്ക് പൂർത്തീകരണം, തരിശുനിലങ്ങളിൽ നെൽക്കൃഷി വ്യാപനം, മെത്രാൻ കായലിലും റാണി കായലിലും നെൽക്കൃഷി പുനരാരംഭിക്കുന്നതിനും ആറന്മുള വിമാനത്താവളത്തിനുചുറ്റും കൃഷിയോഗ്യമായ സ്ഥലങ്ങളിൽ കൃഷിയിറക്കാനും നടപടി സ്വീകരിച്ച ഗവൺമെന്റിനെ അഭിനന്ദിക്കുന്നു. കൃഷിക്കാർക്ക് ആശ്വാസകരമായ വിവിധ പദ്ധതികൾ ആരംഭിക്കാനും കർഷക പെൻഷൻ കുടിശ്ശിക കൊടുത്തുതീർക്കാനും ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. കാർഷിക മേഖലയുടെ സുസ്ഥിര വികസനത്തിന് 35 ഇന പരിപാടികളുമായി മുന്നോട്ടുപോകുന്ന ഗവൺമെന്റ്

നിലപാടിനെ സ്വാഗതം ചെയ്യുന്നു. കേരളത്തിലെ കാർഷിക മേഖലയിൽ നിലനിൽക്കുന്ന സബ്സിഡി സമ്പ്രദായം ശാസ്ത്രീയമായി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കണം. പച്ചക്കറിക്കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം ഔഷധ സസ്യങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള നാടൻ ഭക്ഷണ രീതിയിലേയ്ക്ക് ജനങ്ങളെ കൊണ്ടുവരാനും അതിലൂടെ പുതിയൊരു സംസ്കാരം വളർത്തിയെടുക്കുന്നതിനും കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾക്ക് എല്ലാവിധ പിന്തുണയും നൽകുന്നു. സഹകരണ-ടൂറിസം മേഖലകളിൽ നിലനിൽക്കുന്ന അഴിമതി തുടച്ചുനീക്കുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കണം.

<u>ശ്രീ. പി. സി. ജോർജ്</u>: റബ്ബറിനെ കാർഷികോൽപ്പന്നമായി പ്രഖ്യാപിക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണം. അംജത് അലിഖാന് സ്കൂൾ നിർമ്മാണവുമായി ബന്ധപ്പെട്ട് വേളി കായലിന് സമീപത്തുനിന്നും സ്ഥലമേറ്റെടുക്കുന്ന കാര്യത്തിൽ അടിയന്തരമായി പുനർവിചിന്തനമുണ്ടാകണം.

<u>ശ്രീ. കെ. വി. വിജയദാസ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേന്ദ്ര ഗവൺമെന്റിന്റെ ജനദ്രോഹ നടപടികൾമൂലം കാർഷിക മേഖല തകർന്നു തരിപ്പണമാകുകയും കാർഷികോൽപ്പാദനത്തിൽ വൻതോതിൽ കുറവുണ്ടാകുകയും ചെയ്തിരിക്കുന്നു. കഴിഞ്ഞ ഗവൺമെന്റ് ഇടുക്കി, കുട്ടനാട്, വയനാട് പാക്കേജുകൾ വെറും പ്രഖ്യാപനങ്ങളിൽ മാത്രം ഒതുക്കുകയും കൊപ്ര സംഭരണം അട്ടിമറിക്കുകയും

ആർ.കെ.വി.വൈ. പദ്ധതി നടപ്പാക്കാതിരിക്കുകയും കേരഫെഡിനെ അഴിമതി നിറഞ്ഞതാക്കി മാറ്റുകയും ചെയ്തു. ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നഷ്ടപ്പെട്ട കാർഷിക സമൃദ്ധി വീണ്ടെടുക്കാനും സമഗ്ര കാർഷിക നവോത്ഥാനം നടപ്പിലാക്കുന്നതിനുമുതകുന്ന പുത്തൻ വികസന പദ്ധതികൾക്കാണ് ലക്ഷ്യമിടുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം 40 ശതമാനമാക്കി വർദ്ധിപ്പിക്കുന്നതിനും 2016 നെൽവർഷമായി ആചരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. നെൽകൃഷി പ്രോത്സാഹിപ്പിക്കാൻ 385 കോടി രൂപയും കാർഷിക സർവ്വകലാശാലയ്ക്ക് 65 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും അഗ്രോ പാർക്കുകൾ സ്ഥാപിക്കാനും നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിക്കാനും പാഡി വികസന ബോർഡ്, ഗാലസ പദ്ധതി, റബ്ബർ ഉത്തേജന പാക്കേജ് എന്നിവ നടപ്പാക്കാനും നടപടി സ്വീകരിക്കണം. റോഡ് നിർമ്മാണത്തിനായി റബ്ബർ ഉപയോഗിക്കുന്നതിനും റബ്ബറിനെ കാർഷിക വിളയായി അംഗീകരിക്കുന്നതിനും റബ്ബർ ഇറക്കുമതി നിർത്തിവയ്ക്കുന്നതിനും കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണം. കീടരോഗ നിയന്ത്രണത്തിനാവശ്യമായ കോപ്പർ സൾഫേറ്റും ചുണ്ണാമ്പും കവുങ്ങ് കൃഷിക്കാർക്ക് നൽകുന്നതിനും സംഭരിച്ച നാളികേരത്തിന് വില നൽകുന്നതിനും കൃഷി ഭവനുകൾ മുഖേന നാളികേരം സംഭരിക്കുന്നതിനും നടപടി സ്വീകരിക്കണം. നെല്ല്, നാളികേരം, കുരുമുളക്

തുടങ്ങിയ കാർഷിക വിളകൾക്കായി കമ്പനി രൂപീകരിക്കുകയും എല്ലാ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളിലും ലേബർ ബാങ്ക് ആരംഭിക്കുകയും കർഷക പെൻഷൻ 1000 രൂപയായി വർദ്ധിപ്പിക്കുകയും വേണം.

ശ്രീ. പി. ഉബൈദുള്ള: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സഹകരണ മേഖല വലിയ വെല്ലുവിളി നേരിട്ടുകൊണ്ടിരിക്കുകയാണ്. ഷെഡ്യൂൾഡ് ബാങ്കുകളുടെയും കൊമേഴ്സ്യൽ ബാങ്കുകളുടെയും കടന്നുകയറ്റം സർവ്വീസ് സഹകരണ ബാങ്കുകളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇൻകം ടാക്സ് നിയമത്തിൽ കൊണ്ടുവന്നിട്ടുള്ള പുതിയ പരിഷ്കാരങ്ങൾമൂലം സഹകരണ ബാങ്കുകൾക്ക് ലഭിച്ചുകൊണ്ടിരുന്ന സംരക്ഷണം ഒഴിവാക്കപ്പെട്ടതിനെതിരെ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണം. ബാങ്കിംഗ് പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥാപനങ്ങൾ ബി.ആർ. ആക്ടിന്റെ പരിധിയിൽ വരണമെന്ന് റിസർവ് ബാങ്ക് നിഷ്കർഷിച്ചിട്ടുള്ളതിനെതിരെയും ശക്തമായ ഇടപെടൽ നടത്തണം. മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്ന ജില്ലാ സഹകരണ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കുകളിൽ ലയിപ്പിക്കുന്നതിനുമുമ്പ് വിശദമായ പഠനം നടത്തണം. സഹകരണ ബാങ്കുകളിലെ നിക്ഷേപം ഫലപ്രദമായി വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കണം. നഷ്ടത്തിലായിരിക്കുന്ന കൺസ്യൂമർഫെഡിനെ സഹായിക്കാൻ ജില്ലാ ബാങ്കുകൾ 160 കോടി രൂപ കൊടുക്കണമെന്ന ഗവൺമെന്റ് നിലപാടിൽ

മാറ്റം വരുത്തുകയും സഹകരണ സ്ഥാപനങ്ങൾ നടത്തുന്ന ഹോൾസെയിൽ ഏജൻസികൾ നിലനിർത്തുകയും ചെയ്യണം. ബഡ്ജറ്റിലെ പ്രഖ്യാപനങ്ങളും കൃഷിഭവനുകൾ മുഖേന പച്ചത്തേങ്ങ സംഭരിക്കുമെന്ന പ്രഖ്യാപനവും പാലിച്ചിട്ടില്ല. നാളികേരത്തിൽനിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിക്കുകയും ഈ രാജ്യത്ത് ടൂറിസ്റ്റുകൾ വരുന്നതിന് സമാധാനപരമായ അന്തരീക്ഷമുണ്ടാക്കുകയും ചെയ്യണം.

ശ്രീ. കെ. കൃഷ്ണൻകുട്ടി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കൃഷിക്കാരെ സഹായിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. കൃഷിക്കാരന് കൃഷിയിൽനിന്ന് ഉപജീവനത്തിനുള്ള വകപോലും കിട്ടാത്തതിനാൽ കൃഷി ഉപേക്ഷിക്കുന്ന രീതിയാണ് കണ്ടുവരുന്നത്. കൃഷിക്ക് കൂടുതൽ സാധ്യതയുള്ള ജില്ലകളിൽ കൃഷി വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരെ നിയമിക്കാനുള്ള നടപടിയെക്കുറിച്ച് ആലോചിക്കണം. നെൽ കർഷകർക്ക് ഇൻസെന്റീവ് നൽകാനും മെഡിക്കൽ-റീ-ഇംബേഴ്സ്മെന്റ് ഏർപ്പെടുത്താനും നടപടി സ്വീകരിക്കണം. സഹകരണ സംഘങ്ങളിൽ ആക്ടീവ് മെമ്പേഴ്സിന് മാത്രമേ വോട്ടവകാശമുള്ളുവെന്നുള്ള ക്ലോസ് ഒഴിവാക്കണം.

ശ്രീ. പി. ജെ. ജോസഫ് : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കാർഷികോല്പന്നങ്ങളുടെ വിലയിടിവ് തടയുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. രോഗപ്രതിരോധശേഷിയുള്ളതും

അത്യുല്പാദനശേഷിയുള്ളതുമായ തെങ്ങിൻ തൈകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യാനും സംഭരിക്കുന്ന നാളികേരം സംസ്കരിക്കാനുമുള്ള സംവിധാനമുണ്ടാക്കണം. പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സ്വയംപര്യാപ്തത നേടുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം. ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനും ടൂറിസം സർക്യൂട്ടുകൾ സൃഷ്ടിക്കുന്നതിനും നടപടി ഉണ്ടാകണം.

<u>ശ്രീ. കെ. രാജൻ</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിലെത്തുന്ന ടൂറിസ്റ്റുകളുടെ എണ്ണം ഇരട്ടിയാക്കുമെന്നുള്ള ഗവൺമെന്റിന്റെ പ്രഖ്യാപനം സ്വാഗതാർഹമാണ്. ടൂറിസം വികസനത്തിനായി എല്ലാ വകുപ്പുകളെയും ഏകോപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. സഹകരണമേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുകയും അതിലൂടെ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയും വേണം. കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം. കാർഷിക മേഖല കടുത്ത പ്രതിസന്ധി നേരിട്ട അവസരത്തിൽപ്പോലും ബഡ്ജറ്റിൽ നീക്കിവച്ച തുക പൂർണ്ണമായി ചെലവഴിക്കാൻ യു.ഡി.എഫ്. സർക്കാരിന് സാധിച്ചില്ല. കൃഷി ഒരു സംസ്കാരമാക്കി മാറ്റുന്നതിനും ശാസ്ത്രീയമായ കൃഷിരീതികൾ അവലംബിക്കുന്നതിനും വിഷരഹിത പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിനും ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമാണ് ഈ സർക്കാർ മുൻഗണന നൽകുന്നത്. തരിശുഭൂമികൾ കൃഷിയിടങ്ങളാക്കി മാറ്റുന്നതിനും മൂന്ന് ലക്ഷം ഹെക്ടർ സ്ഥലത്തേയ്ക്ക്

നെൽക്കൃഷി വ്യാപിപ്പിക്കുന്നതിനും അമ്പതിനായിരം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുന്നതിനുമുള്ള തീരുമാനം പ്രശംസനീയമാണ്. ഓണക്കാലത്ത് കർഷകന് മികച്ച വില ലഭ്യമാക്കുന്നതിനും ഉപഭോക്താവിന് വിലക്കുറവിൽ ഉല്പന്നങ്ങൾ നൽകുന്നതിനും സർക്കാരിന് സാധിച്ചിട്ടുണ്ട്.

ശ്രീ. അബ്ദുൽ ഹമീദ് .പി: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരള ബാങ്ക് തുടങ്ങുമെന്ന പ്രഖ്യാപനം സഹകരണമേഖലയെ അനിശ്ചിതത്വത്തിലാക്കിയിരിക്കുകയാണ്. ഇത്തരം പരിഷ്കാരങ്ങൾ ഏർപ്പെടുത്തുമ്പോൾ സഹകാരികളുടെ അഭിപ്രായംകൂടി മാനിക്കണം. സഹകരണമേഖല അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് യു.ഡി.എഫ്. സർക്കാർ നിയോഗിച്ച കെ. ശിവദാസൻ നായരുടെ നേതൃത്വത്തിലുള്ള കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ നടപ്പാക്കണം. രജിസ്ട്രാർ ഓഫീസുകളും സഹകരണ വകുപ്പിന്റെ കീഴിലുള്ള ഓഫീസുകളും തലസ്ഥാനത്തുള്ള സഹകരണ ഭവനിലേയ്ക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കണം. വായ്പാസഹകരണസംഘത്തിന്റെ അധികാരപരിധിയെ സംബന്ധിച്ച ഹൈക്കോടതി വിധിക്കെതിരെ നിയമ നടപടികൾ കൈക്കൊള്ളണം. നബാർഡിൽ നിന്ന് സഹകരണമേഖലയ്ക്ക് അർഹമായ കാർഷികവായ്പാവിഹിതം ലഭ്യമാക്കുന്നതിനും എൻ.ആർ.ഇ. നിക്ഷേപങ്ങൾ സഹകരണമേഖലയിലേയ്ക്ക്

ആകർഷിക്കുന്നതിനും ഇടപെടലുണ്ടാകണം. മലപ്പുറം ജില്ലയിലെ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് നടപടിയുണ്ടാകണം. കർഷകപെൻഷൻ വിതരണം ചെയ്യുന്നതിനും മലപ്പുറം ജില്ലയിൽ കൃഷിഭവനുകൾ വഴി നാളികേരം ഫലപ്രദമായി സംഭരിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. ആന്റണി ജോൺ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. റബ്ബർ കർഷകരെ സംരക്ഷിക്കുന്നതിന് യാതൊരു നടപടിയും സ്വീകരിക്കാൻ കഴിഞ്ഞ സർക്കാരിന് സാധിച്ചില്ല. റബ്ബറിന്റെ വിലസ്ഥിരതയുമായി ബന്ധപ്പെട്ട് കൂടുതൽ തുക നീക്കിവച്ചുകൊണ്ട് കർഷകരെ സഹായിക്കുന്ന സമീപനമാണ് ഈ സർക്കാർ സ്വീകരിക്കുന്നത്. അഞ്ചുവർഷം കൊണ്ട് മൂന്ന് ലക്ഷം ഹെക്ടർ സ്ഥലത്ത് നെൽകൃഷി വ്യാപിപ്പിക്കാനുള്ള തീരുമാനം ശ്ലാഘനീയമാണ്. കേരളത്തിന്റെ കാർഷികസമൃദ്ധി വീണ്ടെടുക്കുന്നതിനുവേണ്ടി ഗവൺമെന്റ് നടത്തുന്ന ശ്രമങ്ങളെ അനുമോദിക്കുന്നു. ഭക്ഷ്യ മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ക്രിയാത്മക നടപടികൾ സ്വീകരിക്കണം. ടൂറിസം മേഖലയിലെ സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിനും വിവിധ ടൂറിസം കേന്ദ്രങ്ങളെ കൂട്ടിയിണക്കി ഗതാഗത സൗകര്യങ്ങളൊരുക്കുന്നതിനും ഇടമലയാറിൽ ഹൈഡൽ ടൂറിസം വികസിപ്പിക്കുന്നതിനും ബട്ടർഫ്ലൈ പാർക്ക് ആരംഭിക്കുന്നതിനും നടപടി

സ്വീകരിക്കണം.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കിഫ്ബി-യിൽ നിന്നും ഫണ്ട് ലഭ്യമാക്കുന്നതിലുള്ള ആശങ്ക ദൂരീകരിക്കണം. 10 കോടി രൂപയിൽ താഴെ ചെലവ് വരുന്ന പ്രോജക്ടുകൾക്ക് ഫണ്ട് അനുവദിക്കുന്നതിലെ ബുദ്ധിമുട്ട് ഒഴിവാക്കണം.

<u>ശ്രീ. എസ്. ശർമ്മ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കാർഷിക രംഗത്തും സഹകരണ, ടൂറിസം മേഖലകളിലും ശാസ്ത്രീയവും ഭാവനാ സമ്പന്നവുമായ വികസന കാഴ്ചപ്പാടോടെയാണ് ഈ ഗവൺമെന്റ് മുന്നോട്ട് പോകുന്നത്. യു.പി.എ. ഗവൺമെന്റിന്റെ കാലത്തുണ്ടായ ആസിയാൻ കരാറാണ് റബ്ബറിന്റെ വിലത്തകർച്ചയ്ക്ക് കാരണമായത്. തെറ്റായ ആഗോള സാമ്പത്തിക പരിഷ്കാരങ്ങൾ കാർഷികോല്പന്നങ്ങളുടെ വിലത്തകർച്ചയ്ക്ക് കാരണമായിട്ടുണ്ട്. കരനെൽകൃഷിയെ പ്രോത്സാഹിപ്പിക്കാനുള്ള തീരുമാനം ശ്ലാഘനീയമാണ്. കൃഷി വകുപ്പിന്റെ മാതൃകാപരമായ പ്രവർത്തനങ്ങളിലൂടെ 'ജൈവ കേരളം' എന്ന ലക്ഷ്യത്തിലെത്താൻ സാധിക്കുന്നതാണ്. സംസ്ഥാനത്തിന്റെ സാമ്പത്തിക അടിത്തറ ഭദ്രമാക്കുന്നതിനും വികസനോന്മുഖമായ കേരളം കെട്ടിപ്പടുക്കുന്നതിനുമായി സഹകരണ മേഖലയിലെ ബാങ്കുകളെ പരസ്പരം യോജിപ്പിച്ചുകൊണ്ട് മദർ ബാങ്ക് രൂപീകരിക്കാനുള്ള തീരുമാനം

പ്രശംസനീയമാണ്. ഹെറിട്ടേജ് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. മുസിരിസ് പൈതൃക പദ്ധതിയുടെ രണ്ടാംഘട്ടത്തിന്റെയും തലശ്ശേരി പൈതൃക പദ്ധതിയുടെയും വികസനത്തിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ശ്രീ. വി. എസ്. ശിവകുമാർ : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ടൂറിസം മേഖലയുടെ സമഗ്രപുരോഗതിക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ മുൻസർക്കാർ സ്വീകരിച്ചതിന്റെ ഫലമായി ദേശീയ-അന്തർദേശീയ തലങ്ങളിൽ ടൂറിസത്തിന് കൂടുതൽ അംഗീകാരം നേടിയെടുക്കാൻ സാധിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും മാലിന്യപ്രശ്നം, തെരുവുനായ ശല്യം എന്നിവ പരിഹരിച്ചും ആഭ്യന്തര- വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്ന വിധത്തിലുള്ള പദ്ധതികൾക്ക് രൂപം കൊടുക്കണം. ടൂറിസം ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് മീറ്റ് സംഘടിപ്പിച്ച് ടൂറിസം രംഗത്തിനാവശ്യമായ സാമ്പത്തിക സ്രോതസ്സ് കണ്ടെത്തണം. മെഡിക്കൽ ടൂറിസം, സാഹസിക ടൂറിസം എന്നിവ പ്രോത്സാഹിപ്പിക്കാനും കിറ്റ്സ്-നെ സെന്റർ ഓഫ് എക്സലൻസാക്കി ഉയർത്തുന്നതിനും വേളിയെ ഒരു ടൂറിസ്റ്റ് മേഖലയാക്കി മാറ്റുന്നതിനും അവിടെ അംജദ് അലിഖാൻ സംഗീതവിദ്യാലയം സ്ഥാപിക്കുന്നതിനും ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള സമഗ്ര പദ്ധതികൾ ആവിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കണം.

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

ചർച്ചയിൽ പങ്കെടുത്ത് ക്രിയാത്മകമായ നിർദ്ദേശങ്ങൾ മുന്നോട്ടുവച്ച അംഗങ്ങൾക്ക് നന്ദി രേഖപ്പെടുത്തുന്നു. സഹകരണമേഖലയെ ശാക്തീകരിച്ച് ജന നന്മയ്ക്കും നാടിന്റെ വികസനത്തിനുമുതകുന്ന രീതിയിലുള്ള കർമ്മപരിപാടികൾ ആവിഷ്കരിക്കാനാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്. ഹൗസിംഗ് ഫെഡറേഷനും പട്ടികജാതി/ പട്ടികവർഗ്ഗസംഘങ്ങൾക്കുമുള്ള സാമ്പത്തിക സഹായം നൽകാനും ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ ആരംഭിക്കുന്നതിന് സംഘങ്ങളെ സഹായിക്കാനും മാർക്കറ്റിംഗ് സംഘങ്ങളുടെ പ്രവർത്തനത്തിലിടപെടാനും ദുർബ്ബലമായ എസ്.സി./ എസ്.റ്റി ഫെഡറേഷന്റെ ഭരണപരമായ ചെലവുകൾക്കായി സാമ്പത്തിസഹായം അനുവദിക്കാനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എൻ.സി.ഡി.സി. പദ്ധതിപ്രകാരം പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സംഘങ്ങൾക്ക് 292 ലക്ഷം രൂപയും ടൂറിസം രംഗവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്ക് 332.35 ലക്ഷം രൂപയും ധനസഹായം നൽകിയിട്ടുണ്ട്. ഉത്സവകാലങ്ങളിൽ സബ്സിഡി നിരക്കിൽ നിത്യോപയോഗ സാധനങ്ങൾ വിറ്റതിന്റെ വിഹിതമായി സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷന് പത്ത് കോടി രൂപ നൽകിയിട്ടുണ്ട്. മാതൃകാസംഘങ്ങളെ സഹായിക്കുന്ന പദ്ധതിപ്രകാരം നാല് സംഘങ്ങൾക്ക് സഹായം അനുവദിക്കുന്നതിനും സാമൂഹിക പ്രതിബദ്ധതയുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന സംഘങ്ങളെ സഹായിക്കുന്നതിനുമുള്ള നടപടി

സ്വീകരിച്ചിട്ടുണ്ട്. ജൈവപച്ചക്കറികൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും കാർഷികരംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിനും ആവശ്യമായ ഇടപെടൽ സഹകരണ വകുപ്പ് നടത്തുകയുണ്ടായി. സഹകരണ മേഖലയ്ക്കുണ്ടായിരുന്ന പ്രത്യേക ഇളവുകളും ആനുകൂല്യങ്ങളും നിഷേധിക്കുന്ന നയങ്ങളാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. ആധുനികവൽക്കരണത്തിന്റെ ഭാഗമായി മാർച്ച് മാസത്തോടുകൂടി സഹകരണ വകുപ്പിനെ ഇ-ഓഫീസ് ആക്കാനുള്ള നടപടികൾ പൂർത്തീകരിക്കുന്നതാണ്. കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്താനുള്ള ശ്രമം നടത്തുന്നതാണ്. ജൈവപച്ചക്കറിയുടെ വിൽപ്പനയ്ക്കുവേണ്ടിയുള്ള ഗോഡൗണുകൾ നിർമ്മിക്കാനും എയർ കണ്ടീഷൻ ചെയ്ത ഡെലിവറി വാനുകൾ ഏർപ്പെടുത്താനും സുവർണ്ണ സ്റ്റോറുകൾ ആരംഭിക്കാനും സർക്കാർ ഉദ്ദേശിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കാനുള്ള വ്യവസ്ഥയുണ്ടാക്കണമെന്ന നിർദ്ദേശം പരിശോധിക്കാവുന്നതാണ്. സഹകരണ മേഖലയിലുള്ള നിക്ഷേപം പ്രയോജനപ്പെടുത്തി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ച് തൊഴിലില്ലായ്മയ്ക്ക് പരിഹാരമുണ്ടാക്കാൻ ശ്രമിക്കുന്നതാണ്. കടക്കെണിയിലായ കൺസ്യൂമർ ഫെഡിനെ രക്ഷിക്കാനുള്ള പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും വനിതാ സഹകരണ സംഘങ്ങളെ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. മാർക്കറ്റ് ഫെഡിന്റെ പ്രവർത്തനം

ശക്തിപ്പെടുത്തുന്നതിനും റബ്ബർ മാർക്കിനെ സംരക്ഷിക്കാനും നടപടിയുണ്ടാകും. ലഘുനിക്ഷേപങ്ങൾ സ്വീകരിച്ചുകൊണ്ട് സ്കൂൾ/കോളേജ് സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള പദ്ധതികൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. സംസ്ഥാന സഹകരണ ബാങ്ക് വഴി നബാർഡ് പ്രാഥമിക സഹകരണ ബാങ്കുകൾക്ക് കാർഷിക വായ്പയ്ക്ക് നൽകുന്ന റീഫിനാൻസ് വർദ്ധിപ്പിക്കാനാവശ്യമായ നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകും. ഏരിയ ഓഫ് ഓപ്പറേഷനുമായി ബന്ധപ്പെട്ട പ്രശ്നത്തിന് നിയമ സംവിധാനത്തിലൂടെ പരിഹാരം കാണാൻ ശ്രമിക്കുന്നതോടൊപ്പം ആവശ്യമായ നിയമ ഭേദഗതി കൊണ്ടുവരുന്നതിനെക്കുറിച്ചും ആലോചിക്കുന്നതാണ്. സംസ്ഥാനത്തിന്റെ സാമ്പത്തിക താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ കഴിയുന്ന ശക്തമായ സ്ഥാപനമെന്ന നിലയിൽ സംസ്ഥാന സഹകരണ ബാങ്കിനെ മാറ്റിയെടുക്കാനുള്ള ശ്രമങ്ങൾ നടത്തുന്നതാണ്. സാഹിത്യപ്രവർത്തക സഹകരണ സംഘത്തിന്റെ പ്രതിസന്ധി പരിഹരിക്കാൻ 4 കോടി രൂപ നൽകിയിട്ടുണ്ട്. സഹകരണ മേഖലയിലെ നിയമഭേദഗതിയുമായി ബന്ധപ്പെട്ട ശിവദാസൻ നായർ കമ്മിറ്റി റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. ടൂറിസം മേഖലയിൽ കേരളത്തിന്റെ സാധ്യതയ്ക്കനുസരിച്ചുള്ള വളർച്ചാനിരക്ക് കൈവരിക്കാനാകാത്ത സാഹചര്യത്തിൽ പ്രകൃതിസമ്പത്തിനെ പരമാവധി പ്രയോജനപ്പെടുത്തി കാര്യക്ഷമമായ പ്രചരണ പരിപാടികളിലൂടെ കേരളത്തെ വിനോദ

സഞ്ചാരഭൂപടത്തിൽ എത്തിക്കാനുള്ള ശ്രമങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തത, പുതിയ ഉല്പന്നങ്ങളുടെ അഭാവം തുടങ്ങിയവയ്ക്ക് പരിഹാരം കാണാനും പരമ്പരാഗത വിപണി ശക്തിപ്പെടുത്തുന്നതിനും പുതിയ വിപണികൾ കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ആഗോള ട്രാവൽമാർട്ടുകൾ സംഘടിപ്പിച്ചതിന്റെ ഫലമായി വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കാൻ സാധിച്ചിട്ടുണ്ട്. സാധാരണക്കാർക്കുകൂടി പ്രയോജനപ്പെടുത്താൻ കഴിയുന്ന രീതിയിൽ ചാർട്ടേഡ് വിമാനങ്ങൾ ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കുന്നതോടൊപ്പം ഗോവയിലേയ്ക്ക് വിമാന സർവ്വീസ് ആരംഭിക്കാനുള്ള ശ്രമങ്ങൾ നടത്തുന്നതാണ്. ബേക്കൽ, വയനാട്, ഇടുക്കി എന്നിവിടങ്ങളിൽ എയർസ്ട്രിപ്പുകൾ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. ഹോംസ്റ്റേകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും അഷ്ടമുടി കായലിലേയ്ക്കും മലബാർ മേഖലയിലുള്ള കായലുകളിലേയ്ക്കും ഹൗസ് ബോട്ടുകളുടെ സാധ്യത പ്രയോജനപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. പരിസ്ഥിതിയ്ക്ക് കോട്ടം വരാത്ത രീതിയിൽ വനം, വൈദ്യുതി, ഇറിഗേഷൻ വകുപ്പുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കൂടിയാലോചിച്ച് യുവതലമുറയെ ആകർഷിക്കാൻ കഴിയുന്ന തരത്തിൽ സാഹസിക ടൂറിസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതാണ്. ടൂറിസ്റ്റുകളെ ആകർഷിക്കുന്ന രീതിയിൽ കൊച്ചി ബിനാലെ വിജയകരമായി

മുന്നോട്ടുകൊണ്ടുപോകാൻ ശ്രമിക്കുന്നതാണ്. യു.ഡി.എഫ്. സർക്കാർ തുടങ്ങിവച്ച മുസിരിസ് പൈതൃക പദ്ധതിയുടെ രണ്ടാംഘട്ടം ആരംഭിക്കുന്നതാണ്. തലശ്ശേരി പൈതൃക പദ്ധതി, പൊന്നാനി ടൂറിസം പദ്ധതി എന്നിവയുടെ വികസനത്തിനായി കൂടുതൽ പദ്ധതികൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഗ്രീൻ കാർപ്പറ്റ് പദ്ധതി വിജയകരമാക്കുന്നതിനും ഗുരുവായൂരും തൈക്കാട്ടുമുള്ള ഗസ്റ്റ് ഹൗസുകൾക്ക് പുതിയ ബ്ലോക്കുകൾ നിർമ്മിക്കുന്നതുൾപ്പെടെ ഗസ്റ്റ് ഹൗസുകളുടെ പുനരുദ്ധാരണം നടത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ചർച്ചയുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുള്ള നിർദ്ദേശങ്ങൾ പരിശോധിക്കുന്നതാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പ്രതിപക്ഷം ഉന്നയിച്ച വിമർശനങ്ങൾ പരിഹരിക്കാൻ ശ്രമിക്കുന്നതാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പച്ചക്കറി ഉല്പാദനം മെച്ചപ്പെട്ടുവെങ്കിലും കാർഷികമേഖലയിൽ കേരളത്തിന് വൻ തകർച്ചയെ അഭിമുഖീകരിക്കേണ്ടിവന്നു. നെല്ലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനുള്ള നടപടികളുമായി മുന്നോട്ടുപോകേണ്ടതുണ്ട്. തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുന്ന നെല്ലുൽപാദന രംഗം പുനരുദ്ധരിപ്പിക്കുന്നതിന്റെ പ്രാരംഭഘട്ടമെന്ന നിലയിൽ മൂന്ന് ലക്ഷം ഹെക്ടർ വിസ്തൃതിയിലേയ്ക്ക് നെല്ലുൽപ്പാദനം വർദ്ധിപ്പിക്കാനുള്ള കർമ്മപദ്ധതി ആവിഷ്കരിക്കുന്നതോടൊപ്പം കാർഷികേതര

ആവശ്യങ്ങൾക്കായി കൃഷി ഭൂമി നികത്തുന്നതിനെതിരെ ശക്തമായ നിലപാടും സർക്കാർ സ്വീകരിക്കുന്നതാണ്. ഈ വർഷം നെല്ലിന്റെ വർഷമായി പ്രഖ്യാപിക്കുന്നതും 'നമ്മുടെ അന്നം നമ്മുടെ നെല്ല്' എന്ന മുദ്രാവാക്യത്തിന്റെ അടിസ്ഥാനത്തിൽ നെൽവയലുകളുടെയും അനുബന്ധ ജലസ്രോതസ്സുകളുടെയും സംരക്ഷണാർത്ഥം നൂറിന പരിപാടികളടങ്ങിയ ഹരിതകേരളം പരിപാടിക്ക് തുടക്കം കുറിക്കുന്നതുമാണ്. ജില്ല-മണ്ഡല-ബ്ലോക്ക്-പഞ്ചായത്ത് അടിസ്ഥാനത്തിൽ തരിശുനിലങ്ങൾ സംബന്ധിച്ച് മാപ്പിംഗ് നടത്തി ആക്ഷൻ പ്ലാൻ തയ്യാറാക്കി എം.എൽ.എ.മാരുടെയും ജനപ്രതിനിധികളുടെയും ഉത്തരവാദിത്വത്തിൽ വിവിധ ഫണ്ടുകൾ സംയോജിപ്പിച്ച് തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിനും നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുമായി ഫേസ് ബൈ ഫേസ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ നെൽക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വരും വർഷങ്ങളിൽ 10000 ഹെക്ടർ സ്ഥലത്ത് കരനെൽക്കൃഷി വ്യാപിപ്പിക്കാനും ഒരുപൂ കൃഷിയിടങ്ങളെ ഘട്ടംഘട്ടമായി ഇരുപൂ കൃഷിയിടങ്ങളായി മാറ്റാനും നടപടി സ്വീകരിച്ചുകൊണ്ട് നെല്ലുൽപ്പാദനരംഗത്ത് വൻ വർദ്ധനവുണ്ടാക്കാൻ ശ്രമിക്കുന്നതാണ്. സമ്പൂർണ്ണ നെൽകൃഷി എന്ന ആശയം മുൻനിർത്തി 2375 ഹെക്ടർ തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കുന്നതിനും 1054 ഹെക്ടർ സ്ഥലത്ത് കൃഷി ആരംഭിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചു. കേരളത്തിൽ ഭക്ഷ്യസുരക്ഷ

ഉറപ്പാക്കുന്നതിനും സ്വയംപര്യാപ്തത കൈവരിക്കുന്നതിനുമായി പരമ്പരാഗത നെല്ലിനങ്ങൾ കൃഷിചെയ്യുന്നതിനും പച്ചക്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ, ധാന്യങ്ങൾ എന്നിവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ക്രോപ്പ് അടിസ്ഥാനത്തിൽ ടാർജറ്റ് നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതാണ്. ജൈവകാർഷിക നയത്തിന്റെ ഭാഗമായി വിഷരഹിത പ്രകൃതി വിഭവങ്ങൾ കൃഷി ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും കീടനാശിനികളുടെ ഉപയോഗം കർശനമായി നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. പല കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും വിഹിതം ക്രമാതീതമായി വെട്ടിച്ചുരുക്കിയതിലൂടെ സംസ്ഥാന ഗവൺമെന്റിനുമേൽ അധിക സാമ്പത്തിക ബാദ്ധ്യത അടിച്ചേൽപ്പിച്ചിരിക്കുകയാണ്. കാർഷികമേഖലയുടെ വികസനത്തിനായി തദ്ദേശഭരണ സ്ഥാപനങ്ങൾ 20-30 ശതമാനം വരെ തുക ഉൽപ്പാദനമേഖലയിൽ ചെലവഴിക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും സാന്നിദ്ധ്യത്തിൽ ചർച്ച നടത്തി ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ഇറിഗേറ്റഡ്/നോൺ ഇറിഗേറ്റഡ് പ്രദേശങ്ങളുടെ പ്ലാനും പദ്ധതിയും തയ്യാറാക്കി കേന്ദ്രഗവൺമെന്റിന് റിപ്പോർട്ട് സമർപ്പിക്കുന്നതിനും സംസ്ഥാനത്തിന് അർഹമായ വിഹിതം നേടിയെടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കഴിഞ്ഞ കാലഘട്ടങ്ങളിൽ നെൽകർഷകർക്ക് വിതരണം ചെയ്യാതെ കുടിശ്ശികയാക്കിയ 339 കോടിരൂപയും പെൻഷൻ കുടിശ്ശികയായ 225 കോടി രൂപയും വിവിധ മേഖലകളിൽ കുടിശ്ശികയാക്കിയ തുകയും കൊടുത്തുതീർക്കാൻ നടപടി സ്വീകരിച്ചു. സംസ്ഥാനത്തെ അർഹതപ്പെട്ടവർക്ക് കർഷക പെൻഷൻ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി കർഷക ക്ഷേമബോർഡ് രൂപീകരിക്കുന്നതിനും കർഷക പെൻഷൻ ലഭിക്കുന്നതിന് ഇപ്പോൾ നിലനിൽക്കുന്ന അവ്യക്തകൾ പരിഹരിക്കുന്നതിനും മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിക്കുന്നതിനും കൃഷി വകുപ്പ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം റബ്ബർ കർഷകർക്കുള്ള 300 കോടി രൂപയുടെയും നാളികേര കർഷകർക്കുള്ള 57 കോടി രൂപയുടെയും കുടിശ്ശിക കൊടുത്തുതീർത്തു. ഓണക്കാലത്ത് 2700 ടൺ വെളിച്ചെണ്ണ ഉൽപ്പാദിപ്പിക്കുകയും നാളികേര സംഭരണ രംഗത്തെ കേരഫെഡിന്റെ അഴിമതി സംബന്ധിച്ച് അന്വേഷണം നടത്താൻ തീരുമാനിക്കുകയും കൊപ്ര സംഭരണത്തിന് നാഫെഡുമായി എഗ്രിമെന്റുണ്ടാക്കുകയും ചെയ്തു. ഫിനാൻസ് വകുപ്പുമായി ചർച്ച നടത്തി കൃഷിക്കാർക്ക് കുടിശ്ശിക പൂർണ്ണമായും കൊടുത്തുതീർക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. നാളികേര സംഭരണം തുടരുകയും കൃഷിഭവനുകളുടെ എണ്ണം 500 ആക്കി വർദ്ധിപ്പിക്കുകയും ചെയ്യും. ഏതെങ്കിലും ജില്ലയിൽ കൊപ്ര

സംഭരിക്കാത്തതു സംബന്ധിച്ച് പരാതിയുണ്ടെങ്കിൽ അതിനെക്കുറിച്ച് അന്വേഷണം നടത്തുന്നതാണ്. രൂക്ഷമായിക്കൊണ്ടിരിക്കുന്ന വരൾച്ച നേരിടുന്നതിനായി സംസ്ഥാന കൃഷി വകുപ്പും ഹരിതമിഷനും ചേർന്ന് നടത്തുന്ന 'ഹരിത കേരളം' പരിപാടിയുടെ ഭാഗമായി വരുംവർഷങ്ങളിൽ മണ്ണിന്റെ ജലലഭ്യത ഉറപ്പാക്കാനും ഭൂഗർഭ ജലസമ്പത്ത് സംരക്ഷിക്കാനും വേണ്ടിയുള്ള ബൃഹത്തായ പരിപാടികൾ ആവിഷ്കരിക്കുന്നതാണ്. ഈ ഗവൺമെന്റിന്റെ കാലത്ത് ഗവൺമെന്റ് നയംമൂലം ഒരു കൃഷിക്കാരനും ആത്മഹത്യ ചെയ്യേണ്ടി വരില്ല. കൃഷിക്കാരെ സംരക്ഷിക്കുക എന്നതാണ് ഈ ഗവൺമെന്റിന്റെ നയം. ഓണക്കാലത്ത് സഹകരണ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും കുടുംബശ്രീകളും ചേർന്ന് 'ഓണസമൃദ്ധി' എന്ന പരിപാടിക്ക് തുടക്കം കുറിച്ചതിന്റെ ഫലമായി കേരളത്തിലെ കൃഷിക്കാരുടെ 3040 മെട്രിക് ടൺ പച്ചക്കറി സംഭരിക്കാൻ സാധിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു മാർക്കറ്റിംഗ് സ്ട്രാറ്റജി ഉണ്ടാക്കി 52 ആഴ്ചകളെ അടിസ്ഥാനപ്പെടുത്തി ഓരോ ആഴ്ചയിലും ഏതൊക്കെ ക്രോപ്പുകൾ എവിടെയൊക്കെ കൃഷി ചെയ്യുന്നു എന്നത് സംബന്ധിച്ച് വ്യക്തമായ ഒരു രൂപരേഖയുണ്ടാക്കി കേരളത്തിലെ ഹോർട്ടികോർപ്പിന് കൂടുതൽ ഔട്ട് ലെറ്റുകൾ ഉണ്ടാക്കി കൂടുതൽ ഇക്കോ ഷോപ്പുകളിലൂടെയും ക്ലസ്റ്ററുകളിലൂടെയും സ്വയംസഹായ സംഘങ്ങളുടെ ഔട്ട് ലെറ്റുകളിലൂടെയും സഹകരണ ബാങ്കുകൾ നടത്തുന്ന ഔട്ട് ലെറ്റുകളിലൂടെയും കൃഷിക്കാരന്റെ

ഉൽപ്പന്നങ്ങൾ ന്യായവിലയ്ക്ക് വാങ്ങുമെന്ന് ഉറപ്പാക്കാനും മാർക്കറ്റിംഗ് നടത്തുന്നതിന് അവരെ സഹായിക്കാൻ ഇ-പ്ലാറ്റ്ഫോം സംവിധാനം കൊണ്ടുവരാനും ഗവൺമെന്റ് ഉദ്ദേശിക്കുന്നു. കാർഷികവിളകളെ അടിസ്ഥാനമാക്കിയുള്ള വാല്യൂ അഡിഷൻ സെക്ടറിനെ സംബന്ധിച്ച് ഗൗരവമായി ആലോചിക്കേണ്ടതുണ്ട്. നീര ഉൽപ്പാദിപ്പിക്കുന്ന 29 പ്രൊഡക്ഷൻ കമ്പനികൾ ടെക്നോളജിക്കലി പിറകിലാണെന്ന് മനസ്സിലാക്കിയതിനെത്തുടർന്ന് ക്രോപ്പുകളെ അടിസ്ഥാനപ്പെടുത്തി 14 ജില്ലകളിലും ഫെസിലിറ്റി സെന്റർ എന്ന നിലയിൽ അന്താരാഷ്ട്ര സാങ്കേതിക വിദ്യയോടുകൂടിയ 14 അഗ്രോപാർക്കുകളുണ്ടാക്കാൻ 500 കോടി രൂപ മാറ്റിവച്ചിരിക്കുകയാണ്. അതിന്റെ ഭാഗമായി ഈ ഡിസംബർ ഒന്നാം തീയതി മുതൽ അഞ്ചാം തീയതിവരെ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു വാല്യൂ അഡിഷൻ പോളിസി വർക്ക്ഷോപ്പ് നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുമ്പോൾ ലാഭവിഹിതം കൃഷിക്കാരനുകൂടി കിട്ടത്തക്കവിധത്തിലും മറ്റ് രാജ്യങ്ങളിലെ വാല്യൂ അഡിഷൻ ടെക്നോളജികൂടി പരിചയപ്പെടുത്താൻ ഉതകുന്ന വിധത്തിലുമുള്ള ഒരു പോളിസി കൊണ്ടുവരുന്നതോടുകൂടി കേരളത്തിൽ മൂല്യവർദ്ധിത ഉൽപ്പാദന രംഗത്ത് വലിയ മാറ്റമുണ്ടാക്കാനും ചെറുപ്പക്കാരെ ഈ മേഖലയിലേയ്ക്ക് കൊണ്ടുവരാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. അതിന്റെ ഭാഗമായി കർഷക യുവജനസംഗമം നടത്താനും അടുത്ത അദ്ധ്യയന വർഷം ഒന്നാം ക്ലാസ് മുതലുള്ള പാഠ്യപദ്ധതിയിൽ

കൃഷിയെക്കൂടി ഉൾപ്പെടുത്താനും തീരുമാനമെടുത്തിട്ടുണ്ട്. അഗ്രോ സർവ്വീസ് സെന്ററുകളടക്കമുള്ളവയെ ഏകോപിപ്പിച്ചുകൊണ്ട് തൊഴിൽസേന രൂപീകരിച്ച് അതിലൂടെ ഉൽപ്പാദനച്ചെലവ് കുറച്ചുകൊണ്ടുവരാനും കൃഷിക്കാരന് ലാഭകരമായി മുന്നോട്ടുപോകാനും കഴിയുന്നതിനുള്ള ശ്രമങ്ങളാണ് നടത്തുന്നത്. 200 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളും 20 കേരഗ്രാമങ്ങളും വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കേരളത്തെ ജൈവ കാർഷിക സംസ്ഥാനമാക്കി മാറ്റാൻ ഘട്ടംഘട്ടമായുള്ള നടപടികളുമായാണ് മുന്നോട്ടുപോകുന്നത്. തരിശ്ശുനിലങ്ങളിലുൾപ്പെടെ കൃഷി ആരംഭിക്കുന്നതിനും സംസ്ഥാനത്ത് അന്താരാഷ്ട്ര നിലവാരമുള്ള ഒരു വിത്ത് ബാങ്ക് കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയുമായി സഹകരിച്ചുകൊണ്ട് ആരംഭിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഓയിൽ പാമിന്റെ ഫാക്ടറി അടുത്ത വർഷം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ആർ.സി.ഇ.പി. കരാറിനെ എല്ലാവരും ഒറ്റക്കെട്ടായി എതിർക്കണം. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

**<u>അറിയിപ്പ്</u>**

## <u>സമയക്ലിപ്തത പാലിക്കുന്നത് സംബന്ധിച്ച്</u>

<u>മി.സ്പീക്കർ:</u> ഒരു കാര്യം വീണ്ടും ഓർമ്മപ്പെടുത്തുകയാണ്. കക്ഷിനേതാക്കളുടെ യോഗത്തിൽ എടുത്തിട്ടുള്ള തീരുമാനം 9.30 മുതൽ 10 മണിയോടുകൂടി അടിയന്തര പ്രമേയത്തിന്റെ ഘട്ടം അരമണിക്കൂറുകൊണ്ട്

അവസാനിക്കണം. ബാക്കിയുള്ള ഒരു മണിക്കൂറുകൊണ്ട് സബ്മിഷനുകളും ശ്രദ്ധക്ഷിക്കലുകളും അവസാനിക്കണം. അങ്ങനെ 11 മണിയോടുകൂടി ചർച്ച ആരംഭിച്ചാൽ നിശ്ചിത സമയത്ത് സഭാനടപടികൾ അവസാനിപ്പിക്കാൻ സാധിക്കും. പക്ഷേ അത് പാലിക്കുന്നതിൽ സഭാംഗങ്ങൾ എന്ത് അച്ചടക്കമാണ് സ്വയം പാലിക്കുന്നതെന്ന് ആലോചിക്കുന്നത് നല്ലതാണ്. അത് പാലിക്കുന്നതിനുവേണ്ടിയുള്ള പരിശ്രമം വീണ്ടും ചെയറിന്റെ ഭാഗത്തുനിന്നും നാളെ മുതൽ ഉണ്ടാകും. ബഹുമാനപ്പെട്ട മന്ത്രിമാരും ഈ നിലപാട് മനസ്സിലാക്കി സമയം ഉപയോഗപ്പെടുത്താൻ ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയും അനുവദിക്കണമെന്ന പ്രമേയം 39-നെതിരെ 74 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

(സഭ വൈകുന്നേരം 05.28-ന് പിരിഞ്ഞു.)